JESUS REDEEMS MINISTRIES

# യുവജനലോകം

ഡിസംബർ 2023

ലോകത്തിലെ ജനങ്ങൾ
പക്ഷപാതപരമായി പെരുമാറിയേക്കാം...
എന്നാൽ നിങ്ങളുടെ സ്രഷ്ടാവായ

## ദൈവം

## മുഖപക്ഷമില്ലാത്തവനാണ്!

# എന്റെ പ്രിയപ്പെട്ട യൗവനക്കാർക്ക്, സ്നേഹം നിറഞ്ഞ ക്രിസ്തുമസ് ആശംസകൾ!!

അന്ത്യകാല ഉണർവിനായി കർത്താവ് നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നു!

1985 മുതൽ, യൗവനക്കാർക്കിടയിൽ നിരവധി ശുശ്രൂഷകൾ നടത്തുവാൻ കൃപ നൽകിയ കർത്താവിന് ഞങ്ങൾ നന്ദി പറയുന്നു.

ഈ ശുശ്രൂഷയെ സ്നേഹിക്കുകയും പിന്തുണയ്ക്കുകയും സഹായിക്കുകയും ചെയ്യുന്ന ദൈവമക്കൾക്കും, പ്രാർത്ഥനാ ഗ്രൂപ്പ് അംഗങ്ങൾക്കും, ജീവനക്കാർക്കും, എഴുത്തുകാർക്കും, വിവർത്തകർക്കും, വായനക്കാർക്കും 'യേശു വിടുവിക്കുന്നു' ശുശ്രൂഷയെ പ്രതിനിധീകരിച്ച് ഞങ്ങളുടെ ക്രിസ്തുമസ് ആശംസകൾ നേരുന്നു.



**ഈ ക്രിസ്തുമസ് ദിനങ്ങളിൽ നമ്മുടെ യേശുക്രിസ്തുവിനെപ്പോലെ നിഷ്പക്ഷമായി എല്ലാവരെയും സ്നേഹിക്കുകയും സ്നേഹം പങ്കിടുകയും ചെയ്യുവിൻ. വിവേചനമില്ലാതെ എല്ലാവരെയും സ്നേഹിക്കുമ്പോൾ കർത്താവ് സന്തോഷിക്കുകയും, അനുഗ്രഹിക്കുകയും ചെയ്യും. യൗവനക്കാർ എന്ന നിലയിൽ, യേശുവിനെപ്പോലെ നിസ്വാർത്ഥമായ സ്നേഹം പ്രകടിപ്പിക്കുകയും, നിരവധി യൗവനക്കാരെ നേടുകയും ചെയ്യുവിൻ!**

വിശ്വസ്തതയോടെ,

മോഹൻ സി ലാസറസ്.

# ആമുഖം

# നിഷ്പക്ഷത

പ്രിയ യൗവനക്കാർക്ക് സ്നേഹാശംസകൾ!

തന്റെ എട്ട് മക്കളിൽ ഏഴുപേരും ഉന്നത സ്ഥാനങ്ങളിലും, ഉയർന്ന ജോലികളിലും ആയിരിക്കുന്നത് കണ്ട്ആസ്വദിച്ച ഒരു പിതാവ്, തന്റെ ഇളയ മകനോട് സ്നേഹമോ കരുതലോ കാണിക്കാതെ, ' അവന് ഇതുമാത്രമേ അറിയാവൂ, ഇതിന് മാത്രമേ ഉപയോഗപ്പെടുകയുള്ളൂ' എന്ന് പറഞ്ഞ് അവനെ ശ്രദ്ധിക്കാതെ അവഗണിച്ചിരുന്നു. സഹോദരന്മാർക്ക് കിട്ടുന്ന ആദരവും ബഹുമാനവും സ്നേഹവും അൽപം പോലും കിട്ടാത്തതിൽ അവൻ മടുത്തുപോയില്ല. തന്നെ നിരുപാധികം സ്നേഹിക്കുന്ന ഒരു ദൈവമുണ്ടെന്ന് അറിഞ്ഞുകൊണ്ട്, അവസാനത്തെ (എട്ടാമത്തെ) മകൻ പൂർണ്ണമായും കർത്താവിൽ ആശ്രയിച്ചു. തന്റെ പിതാവിന്റെ സ്നേഹം പക്ഷപാതമുള്ളതാണെന്ന് അറിഞ്ഞ അവൻ, ദൈവത്തെ മുറുകെപ്പിടിച്ചു. കർത്താവിനോടുള്ള അതിരില്ലാത്ത വിശ്വാസവും, സ്നേഹവും, ദൈവം അവനോടുകൂടെ ഉണ്ടെന്ന നിശ്ചയത്തോടും കൂടെ, അവൻ എപ്പോഴും കർത്താവിൽ സന്തോഷിക്കുകയും , സ്തുതിക്കുകയും ചെയ്തു. അങ്ങനെ കർത്താവ് അവനെ ഉയർത്തി അനുഗ്രഹിച്ചു. അവൻ നമ്മുടെ സങ്കീർത്തനക്കാരനായ ദാവീദാണ്.

ലോകത്തിന്റെ പക്ഷപാതങ്ങൾക്ക് നിങ്ങളെ നശിപ്പിക്കാനും തകർക്കുവാനും കഴിയും. എന്നാൽ നിങ്ങളെ യഥാർത്ഥമായി സ്നേഹിക്കുകയും നിങ്ങൾക്കുവേണ്ടി തന്റെ ജീവനെ നൽകുകയും ചെയ്ത കർത്താവിന് പക്ഷപാതമില്ല. കാരണം, നിങ്ങളെ സൃഷ്ടിച്ചപ്പോൾ തന്നെ കർത്താവ് നിങ്ങളെ ഉയർത്തുവാൻ ആഗ്രഹിച്ചു. ഒരു മനുഷ്യന്റെ പക്ഷപാതം നിമിത്തം നിങ്ങൾക്കുള്ള ദൈവത്തിന്റെ അനുഗ്രഹം നഷ്ടപ്പെടുത്തുവാൻ കഴിയില്ല.

**യൗവനക്കാരെ, ലോകസ്നേഹത്തിൽ തീർച്ചയായും പക്ഷപാതമുണ്ട്. എന്നാൽ, നിങ്ങളെ സൃഷ്ടിച്ച കർത്താവിന് പക്ഷപാതമില്ല. അവർ ഭവനത്തിലും ദാവീദിനോട് പക്ഷപാതം കാണിച്ചു. തനിക്ക് സിംഹാസനം ലഭിക്കാത്തതിൽ ശൗലും അസൂയപ്പെടുകയും, ദാവീദിന്റെ ജീവനുവേണ്ടി പിന്തുടരുകയും ചെയ്തു.**

നിങ്ങൾ കർത്താവിനോടുള്ള തീക്ഷ്ണതയിൽ എഴുന്നേൽക്കുമ്പോൾ, ശുശ്രൂഷാ പാതയിൽ നിങ്ങളെ തടയാൻ ആളുകളുടെ മുൻവിധികളും ശത്രുതാ മനോഭാവങ്ങളും ഉണ്ടായാലും ഭയപ്പെടാതെ മുന്നോട്ട് പോകുക! കാരണം, ഉണർവിൽ ഉപയോഗിക്കപ്പെടാൻ നിങ്ങൾ ഒരുക്കമാണെങ്കിൽ, യേശുക്രിസ്തു നിങ്ങളെ ശക്തിപ്പെടുത്തുകയും വാത്സല്യത്തോടെ ഉപയോഗിക്കുകയും ചെയ്യും.

**ക്രിസ്തുവിന്റെ വേലയിൽ**
**അവിനാഷ്.**





# വിളി നിസ്സംഗത സ്വപ്നം

**തകർന്ന അവസ്ഥയിൽ നിന്ന് അശ്വിനി എന്ന സഹോദരിയെ കർത്താവ് തന്റെ ശുശ്രൂഷ ചെയ്യാൻ എങ്ങനെ വിളിച്ചു എന്ന സ്വന്തം സാക്ഷ്യം ഈ മാസം അവർ നമ്മോട് പങ്കുവയ്ക്കുന്നു. നമുക്ക് കേൾക്കാം.**

**നിങ്ങളുടെ കുടുംബത്തെയും ബാല്യത്തെക്കുറിച്ചും പറയാമോ?**

ഞാൻ ധർമ്മപുരി ജില്ലയിലെ ഒരു ക്രിസ്ത്യൻ കുടുംബത്തിലാണ് ജനിച്ചത്, വളർന്നത് കർണാടക സംസ്ഥാനത്തിലാണ്. എന്റെ സ്കൂൾ വിദ്യാഭ്യാസം അവിടെയായിരുന്നു. എന്റെ അച്ഛൻ ശ്രീ. മധുവും, അമ്മ ശ്രീമതി. സുമതിയും ആണ്. എനിക്ക് അശോകൻ എന്ന ഒരു സഹോദരനുമുണ്ട്. അവൻ BE പൂർത്തിയാക്കി ഒരു കമ്പനിയിൽ ജോലി ചെയ്യുന്നു.

**സൂപ്പർ ...... മനോഹരമായ കുടുംബം! നിങ്ങളുടെ സ്കൂൾ വിദ്യാഭ്യാസത്തെക്കുറിച്ച് പറയാമോ?**

പത്താംക്ലാസ് വരെ എനിക്ക് പഠനത്തിൽ വലിയ താൽപര്യമില്ലായിരുന്നു. അതുവരെ ലക്ഷ്യത്തോടുകൂടി പഠിച്ചിട്ടില്ല. പതിനൊന്നാം ക്ലാസിലായപ്പോഴാണ് അതീവ താൽപര്യത്തോടും ആത്മാർത്ഥതയോടും പഠിക്കുവാൻ തുടങ്ങിയത്. **D Pharm** എന്ന 6 വർഷത്തെ കോഴ്സ് പഠിക്കുക എന്നത് എന്റെ സ്വപ്നമായിരുന്നു.

**ശരി .... നിങ്ങൾ നിങ്ങളുടെ സ്വപനമായ D Pharm കോഴ്സ് പഠിച്ച്, സ്വപ്നം സാക്ഷാത്കരിച്ചുവോ?**

പറയാം ..... ഞാൻ പന്ത്രണ്ടാം ക്ലാസിൽ പഠിക്കുമ്പോൾ കർത്താവ് എന്നെ ശുശ്രൂഷയ്ക്ക് വിളിച്ചു. പക്ഷെ, ഞാൻ അത് നിരസിച്ചു. **Doctor of Pharmacy** ആവുക എന്നതായിരുന്നു എന്റെ ആഗ്രഹം എന്നുള്ളതുകൊണ്ട്, ശുശ്രൂഷയിൽ പ്രവേശിക്കാൻ ഞാൻ ആഗ്രഹിച്ചില്ല. എന്റെ മാതാപിതാക്കൾക്കും അത് ഇഷ്ടപ്പെട്ടില്ല. നന്നായി പഠിച്ച് പന്ത്രണ്ടാം ക്ലാസിലെ പരീക്ഷ എഴുതി. എന്തായാലും നല്ല മാർക്ക് നേടി എന്റെ ലക്ഷ്യം സാക്ഷാത്കരിക്കണം എന്ന സ്വപ്നത്തോടെ പരീക്ഷാഫലത്തിനായി കാത്തിരുന്നു.

**നിങ്ങൾ പ്രതീക്ഷിച്ചതുപോലെ ഫലം വന്നോ? നിങ്ങൾ ആഗ്രഹിച്ച കോഴ്സ് പഠിച്ചോ?**



ഞാൻ എന്റെ 12 -ാം ക്ലാസിലെ പരീക്ഷാഫലത്തിനായി കാത്തിരിക്കുകയായിരുന്നു. ഫലം വരുന്ന ദിവസം രാവിലെ 5 മണിക്ക് 'ഈ പരീക്ഷയിൽ തോറ്റാൽ എന്ത് ചെയ്യും?' എന്ന് ഒരു ശബ്ദം 3 തവണ കേട്ടു. ആ ശബ്ദം കേട്ടപ്പോൾ എന്റെ ഉള്ളിൽ ഒരു ഭയമുണ്ടായി. എന്നാൽ ഞാൻ അത് കാര്യമാക്കിയില്ല. 'കുതിരയെ യുദ്ധത്തിനായി ചമയിക്കുന്നു, ജയമോ



കർത്താവിൽ നിന്നു വരുന്നു' എന്ന വചനം പറഞ്ഞ് ഞാൻ വിശ്വാസത്തോടെ പ്രാർത്ഥിച്ചു. കാരണം, ഞാൻ വളരെ പ്രയാസപ്പെട്ടാണ് പഠിച്ച് പരീക്ഷ എഴുതിയത്. അതിനാൽ ഞാൻ വളരെ പ്രതീക്ഷയിലായിരുന്നു. വൈകുന്നേരം പരീക്ഷാഫലം വന്നപ്പോൾ ഞാൻ കണക്കിൽ പരാജയപ്പെട്ടു. **Mathematics** എന്റെ **favourite subject** ആയതുകൊണ്ട് എനിക്ക് ആ പരാജയം അംഗീകരിക്കാൻ കഴിഞ്ഞില്ല. മാതാപിതാക്കൾ എന്നെ പ്രോത്സാഹിപ്പിക്കുകയും വീണ്ടും പരീക്ഷ എഴുതാൻ പ്രേരിപ്പിക്കുകയും ചെയ്തു. രണ്ടാം തവണ പരീക്ഷ എഴുതിയപ്പോഴും തോറ്റു.

**ശരി .... പരാജയം നേരിട്ടപ്പോൾ നിങ്ങളുടെ മാനസികാവസ്ഥ എങ്ങനെയായിരുന്നു?**

ആവർത്തിച്ചുള്ള പരാജയങ്ങൾക്ക് ശേഷം ഞാൻ ദൈവമില്ല എന്ന നിഗമനത്തിലെത്തി. ഞാൻ കഠിനാധ്വാനം ചെയ്തിട്ടും എനിക്ക് വിജയിക്കാനായില്ല. 'യേശു ആവശ്യപ്പെടുന്നതെന്തും ചെയ്യുമെന്ന് നിങ്ങൾ എല്ലാവരോടും പറയുന്നു! ഇപ്പോൾ നിന്റെ യേശു എവിടെ?' എന്നു പറഞ്ഞ് എന്റെ സുഹൃത്തുക്കൾ എന്നെ പരിഹസിക്കുവാൻ തുടങ്ങി. ഇത് കേട്ട് ഞാൻ ദൈവത്തെ കൂടുതൽ വെറുത്ത് എന്റെ ഇഷ്ടത്തിനനുസരിച്ച് ജീവിക്കുവാൻ തുടങ്ങി. അക്കാലത്ത് ഞാൻ സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകൾ ധാരാളം ഉപയോഗിക്കുവാൻ തുടങ്ങി. എന്റെ മുഴുവൻ സമയവും ഞാൻ അതിനായി ചെലവഴിച്ചു. സോഷ്യൽ മീഡിയയാണ് എന്റെ ജീവിതമെന്ന് പറഞ്ഞ് 8 മാസത്തോളം ഞാൻ കർത്താവിൽ നിന്ന് വേർപെട്ടിരുന്നു.

**ശരി .... നിങ്ങൾ എപ്പോൾ, എങ്ങനെയാണ് കർത്താവിലേക്ക് മടങ്ങിവന്നത്?**

അതിരാവിലെ 3 മണിക്ക് എഴുന്നേറ്റ് പ്രാർത്ഥിക്കാറുണ്ടായിരുന്നു. എന്നാൽ ഈ 8 മാസവും ഞാൻ പ്രാർത്ഥിച്ചില്ല. 8 മാസങ്ങൾക്കുശേഷം ഒരു ദിവസം രാവിലെ ഞാൻ മൊബൈൽ ഫോണിൽ നോക്കിക്കൊണ്ടിരിക്കുമ്പോൾ 'മുട്ടുകുത്തി പ്രാർത്ഥിക്കുക' എന്ന് ഒരു ശബ്ദം കേട്ടു. ഉടനെ ഞാൻ മുട്ടുകുത്തി പ്രാർത്ഥിക്കുവാൻ തുടങ്ങി. അപ്പോൾ യേശുവിന്റെ കുരിശിന്റെ ദർശനം കണ്ട് എന്റെ ഹൃദയം വല്ലാതെ വേദനിച്ചു. ക്രൂശിന്റെ ദർശനം കാണുമ്പോൾ തന്നെ, "ഞാൻ നിനക്കായി എല്ലാം സഹിച്ചു, ലോകത്തിലെ പഠനത്തിനായി നീ എന്നെ നിരസിക്കുകയാണോ?" എന്ന് കർത്താവ് എന്നോട് ചോദിച്ചു. ഉടനെ ഞാൻ എന്റെ തെറ്റ് മനസ്സിലാക്കി കരഞ്ഞ് പ്രാർത്ഥിച്ച് എന്നെ തന്നെ സമർപ്പിച്ചു. യേശു എന്നോട് സംസാരിക്കുവാൻ തുടങ്ങി. ഈ യൗവനപ്രായത്തിൽ നിനക്ക് എന്നെ അറിയാം. എന്നാൽ, നിന്നെപ്പോലുള്ള അനേകം യൗവനക്കാർ പാപത്തിലും അടിമത്തത്തിലും കുടുങ്ങിക്കിടക്കുകയാണ്. അവരോട് ആര് സുവിശേഷം പ്രസംഗിക്കും? എന്ന് ചോദിച്ചപ്പോൾ, എന്റെ ജീവിതം മുഴുവൻ ശുശ്രൂഷയ്ക്ക് സമർപ്പിച്ചു.

**ശരി, നിങ്ങൾ ശുശ്രൂഷയിൽ ഏർപ്പെട്ടതിനുശേഷം നിങ്ങളുടെ ജീവിതത്തിൽ എന്താണ് സംഭവിച്ചത്?**

ഞാൻ ശുശ്രൂഷയ്ക്കായി എന്നെത്തന്നെ സമർപ്പിച്ചശേഷം, " ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ, സങ്കടമോ, ഉപദ്രവമോ, പട്ടിണിയോ,



നഗ്നതയോ, ആപത്തോ, വാളോ, മരണത്തിനോ, ജീവനോ, ദൂതന്മാർക്കോ, വാഴ്ചകൾക്കോ, അധികാരങ്ങൾക്കോ, ഇപ്പോഴുള്ളതിനോ, വരുവാനുള്ളതിനോ, ഉയരത്തിനോ, ആഴത്തിനോ, മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേർപിരിപ്പാൻ കഴിയില്ല" (റോമർ8:36,38,39) എന്ന വചനം കർത്താവ് എന്നെ ഓർമ്മിപ്പിച്ചു. ഉടനെ, "എന്റെ ജീവിതം പരാജയപ്പെട്ടാലും ഞാൻ മരിച്ചാലും, ഞാൻ നിന്നെ വിട്ട് പിരിയുകയില്ല കർത്താവേ!" എന്ന് സ്വയം സമർപ്പിച്ചു. 2 മാസത്തിനുശേഷം ഞാൻ പരീക്ഷ എഴുതി. ഞാൻ കണക്കിൽ വീണ്ടും പരാജയപ്പെട്ടു. എന്തുകൊണ്ടാണ് എന്നെ പരാജയപ്പെടുത്തിയത്? എന്ന് ഞാൻ കർത്താവിനോട് ചോദിച്ചു. ഞാൻ നന്നായി പരീക്ഷ എഴുതി, അതിലുപരി ഞാൻ എന്നെ പൂർണ്ണമായും അങ്ങേയ്ക്ക് സമർപ്പിച്ചു. ഉടനെ കർത്താവ് എന്നോട് "നീ എന്താണ് സമർപ്പിച്ചത്? തോറ്റാലും മരിച്ചാലും ഞാൻ നിന്നെ പിരിയുകയില്ല എന്ന് സമർപ്പിച്ചില്ലേ" എന്ന് ചോദിച്ചു. അതിനുശേഷം ഞാൻ കർത്താവിനോട് ഒന്നും ചോദിച്ചില്ല. അടുത്ത 3 മാസത്തിനുള്ളിൽ എനിക്ക് മാരകമായ ഒരു രോഗം പിടിപെട്ട് മരണക്കിടക്കയിലായി. രോഗം എന്താണെന്ന് കണ്ടെത്താൻ ഡോക്ടർമാർക്ക് കഴിഞ്ഞില്ല. 6 മാസം ചികിത്സയിലായിരുന്നു. ഒടുവിൽ, "ടിബി തലച്ചോറിനെ ബാധിച്ചു, ദശലക്ഷത്തിൽ ഒരാൾക്ക് മാത്രമാണ് ഈ രോഗം ഉണ്ടാകുന്നത്. അവസാനഘട്ടത്തിൽ ഞങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല" എന്ന് ഡോക്ടർമാർ പറഞ്ഞ് എനിക്ക് 48 മണിക്കൂർ സമയം നൽകി. ആ സമയത്ത് എന്റെ മാതാപിതാക്കൾ: എവിടെ ആയാലും മകൾ ജീവനോടെ ഇരുന്നാൽ മതിയെന്ന് പറഞ്ഞ് ICU വിൽ കിടക്കുമ്പോൾ തന്നെ എന്നെ സമർപ്പിച്ച് പ്രാർത്ഥിച്ചു. അതിനുമുമ്പ് , പെൺകുട്ടിയെ എങ്ങനെ ശുശ്രൂഷയ്ക്ക് അയയ്ക്കും? ഒട്ടും സുരക്ഷിതമല്ല! എന്നിങ്ങനെ പല കാരണങ്ങൾ പറഞ്ഞ് എന്റെ മാതാപിതാക്കൾ എന്നെ ശുശ്രൂഷയ്ക്ക് അയക്കാതിരുന്നു. കർത്താവ് അവരുടെ പ്രാർത്ഥന കേട്ട് എന്നെ പൂർണമായി സൗഖ്യമാക്കുകയും പുതിയൊരു ജീവിതം നൽകുകയും ചെയ്തു. അതിനുശേഷം ഇന്നുവരെ ഞാൻ ആ രോഗത്തിന് ചികിത്സ ചെയ്തിട്ടില്ല.



**ദൈവത്തിന് മഹത്ത്വം ...... പുതിയൊരു ജീവിതം നൽകിയ കർത്താവിന് നിങ്ങൾ എന്താണ് ചെയ്തത്?**

ഞാൻ പ്രാർത്ഥിച്ചു.... ബൈബിൾ കോളേജിൽ പഠിക്കാൻ കർത്താവ് എന്നോട് കൽപ്പിച്ചു. അതനുസരിച്ച് ഞാൻ തിയോളജി പഠിച്ചു. പഠിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ മുഴുവൻ സമയവും ശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ടു. ഇപ്പോൾ മുഴുവൻ സമയവും ശുശ്രൂഷ ചെയ്തുവരുന്നു.

**യൗവനക്കാരോട് നിങ്ങൾ എന്താണ് പറയാൻ ആഗ്രഹിക്കുന്നത്?**

"യൗവനത്തിൽ നിങ്ങളുടെ സ്രഷ്ടാവിനെ ഓർക്കുക" എന്ന് വചനം പറയുന്നു. യൗവനപ്രായത്തിൽ, യേശുവിനെ നമ്മുടെ സുഹൃത്തായി കൈക്കൊണ്ട് യാത്ര ചെയ്യുമ്പോൾ പരാജയങ്ങളും രോഗങ്ങളും അപമാനവും നാം നേരിടേണ്ടിവരുന്നു. തിരിഞ്ഞു നോക്കാതെ, അത് തരണം ചെയ്യുവാൻ കർത്താവിനോട് കൃപ ചോദിക്കുക. പരിശുദ്ധാത്മാവ് നിങ്ങളെ മുന്നോട്ട് നയിക്കും.

പ്രിയപ്പെട്ട യൗവനക്കാരെ, ലൗകികമായ മോഹങ്ങളിലേക്ക് ഓടിക്കൊണ്ടിരുന്ന സഹോദരി അശ്വനിയെ തന്റെ മഹത്വമേറിയ ശുശ്രൂഷ ചെയ്യുവാനാണ് കർത്താവ് വിളിച്ചത്. "എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല; നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല" എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. അതുകൊണ്ടാണ് കർത്താവ് ചിലരെ തകർക്കുകയും പണിയുകയും ഉപയോഗിക്കുകയും ചെയ്യുന്നത്. ഇന്ന് നിങ്ങൾ യേശുവിന്റെ വിളി അവഗണിക്കുകയാണോ? സ്വന്തം ഇഷ്ടമനുസരിച്ച് കാര്യങ്ങൾ ചെയ്യാൻ നിങ്ങൾ ബദ്ധപ്പെടുകയാണോ? മാനസാന്തരപ്പെടുകയും യേശുവിന്റെ ശബ്ദം ശ്രദ്ധിക്കുകയും കർത്താവിന്റെ ഇഷ്ടം ചെയ്യുവാൻ സ്വയം സമർപ്പിക്കുകയും ചെയ്യുവിൻ.





# ദൈവത്തിന് ബോധിച്ച പുരുഷൻ

## ദാവീദ് രാജാവിന്റെ അന്ത്യം

എന്റെ പ്രിയപ്പെട്ട മക്കളെ, കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്ക് സ്നേഹവന്ദനം. അവസാനമായി, ദാവീദിന്റെ അന്ത്യം എങ്ങനെയായിരുന്നു എന്ന് ധ്യാനിച്ചുകൊണ്ട് നമുക്ക് ഈ മാസം അവസാനിപ്പിക്കാം. (2ശമു.5:10, 1ദിന.11:9) ഈ രണ്ട് വചനങ്ങളിലും ദാവീദ് മേൽക്കുമേൽ പ്രബലനായിത്തീർന്നു എന്നു പറയുന്നു.

### ശക്തി

ആടുകളെ മേയിച്ച് മരുഭൂമിയിൽ അലഞ്ഞുനടന്ന ദാവീദിന്റെ തുടർന്നുള്ള വളർച്ചയുടെ കാരണമോ രഹസ്യമോ നോക്കുകയാണെങ്കിൽ, സൈന്യങ്ങളുടെ ദൈവമായ കർത്താവ് അവനോടൊപ്പം ഉണ്ടായിരുന്നുവെന്ന് എഴുതിയിരിക്കുന്നു. ദാവീദ് അനുദിനം പ്രബലനായതിന്റെ കാരണം, ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവ് ദാവീദ് രാജാവിന്റെ കൂടെ ഉണ്ടായിരുന്നു എന്നതാണ്.
അതുകൊണ്ടാണ് അവൻ പാടുന്നത്, "ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വച്ചിരിക്കുന്നു. അവൻ എന്റെ വലത്തുഭാഗത്തുള്ളതുകൊണ്ട് ഞാൻ കുലുങ്ങിപ്പോകയില്ല" (സങ്കീ.16:8). ദാവീദിന് കർത്താവിനെ തന്റെ മുന്നിൽ, തന്നോടൊപ്പം നിർത്തിയ അനുഭവം ഉണ്ടായിരുന്നു.
യുദ്ധകാലത്ത് മാത്രമല്ല, കരടിയും സിംഹവും എതിർത്തപ്പോൾ മാത്രമല്ല, ശത്രുക്കൾ അവനെ തുരത്തുമ്പോൾ മാത്രമല്ല, സ്വന്തം മകൻ അബ്ശാലോം മരണക്കിടക്കയിൽ ആയിരുന്നപ്പോൾ മാത്രമല്ല അവൻ എപ്പോഴും കർത്താവിനെ തന്റെ മുന്നിൽ നിർത്തി. ദാവീദ് രാജാവിന് ആവശ്യമുള്ളപ്പോൾ മാത്രമല്ല കർത്താവിനെ അന്വേഷിച്ചത്. എപ്പോഴും ദൈവത്തെ അന്വേഷിക്കുന്ന അനുഭവം അദ്ദേഹത്തിനുണ്ടായിരുന്നു.
തനിക്കെതിരെ വന്ന മല്ലനായ ഗൊല്യാത്തുമായി ദാവീദ് തന്റെ ആദ്യ യുദ്ധം ആരംഭിച്ച ദിവസം മുതൽ കനാന്യർ, ഹിത്യർ, എബൂസ്യർ, അരാമ്യർ, ഫെലിസ്ത്യർ, മോവാബ്യർ എന്നിവരോട് അവസാനം വരെ നടന്ന എല്ലാ യുദ്ധങ്ങളിലും കർത്താവിനെ തന്റെ മുന്നിൽ നിർത്തി ദാവീദ് രാജാവ് ശത്രുക്കളെ ചിതറിച്ചു. മികച്ച വിജയം നേടി.

### അനുഗ്രഹം

ദാവീദിന്റെ പിതാവ് യിശ്ശായി ബേത് ലഹേം എന്ന ചെറിയ പട്ടണത്തിൽ താമസിച്ചിരുന്ന ഒരു കർഷകനും ആട് വളർത്തുന്നവനും ആയിരുന്നു (1ശമു. 17:28). അവരുടെ സമ്പത്തായ കുറച്ച് ആടുകളെ മരുഭൂമിയിൽ മേയിച്ചിരുന്ന ദാവീവ് ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടു. ദൈവത്തിന്റെ പദ്ധതിയനുസരിച്ച് ശമുവേൽ പ്രവാചകൻ ദാവീദിനെ ഇസ്രായേലിന്റെ രാജാവായി അഭിഷേകം ചെയ്തു. ഗൊല്യാത്തിനെ പരാജയപ്പെടുത്തിയ ശേഷം, ദാവീദിന് ശൗൽ രാജാവിന്റെ ദൃഷ്ടിയിൽ പ്രീതി ലഭിച്ചു. ശൗലിന്റെ കൊട്ടാരത്തിലേക്ക് വിളിപ്പിച്ചു. കർത്താവിന്റെ യുദ്ധങ്ങളിൽ പോരാടാനുള്ള ഉത്തരവാദിത്തം അദ്ദേഹത്തിന് ലഭിച്ചു.
ദാവീദ് കിന്നരം മുഴക്കി ശൗലിൽ നിന്ന് ദുരാത്മാവിനെ പുറത്താക്കി. അവൻ ശൗൽ രാജാവിന്റെ മരുമകനായി. അവൻ യഹൂദയുടെ രാജാവായി അഭിഷേകം ചെയ്യപ്പെട്ടു. ശൗൽ രാജാവിന്റെ മരണശേഷം അവൻ 37 -ാം വയസ്സിൽ ഇസ്രായേലിന്റെ രാജാവായി.
യഹോവ ദാവീദിനെയും അവന്റെ ഭവനത്തെയും അനുഗ്രഹിച്ചു. ഒരു വശത്ത് നിരന്തരമായ യുദ്ധങ്ങളും ക്ഷാമങ്ങളും ഉണ്ടായിരുന്നു. എന്നാൽ യഹോവ ദാവീദ് രാജാവിനോടുകൂടെ ഇരുന്ന് ദേശത്തെ സംരക്ഷിക്കുകയും അനുഗ്രഹിക്കുകയും ചെയ്തു. അവൻ ശത്രുക്കളെ ഒഴുവാക്കി വിശ്രമിച്ചു. കർത്താവിന് ഒരു ആലയം പണിയാൻ ദാവീദ് സ്വർണം, വെള്ളി, വെങ്കലം, ഇരുമ്പ്, മരം, കല്ലുകൾ എന്നിവ ശേഖരിച്ചു.
കർത്താവ് യെരുശലേമിൽ ദാവീദിന് മനോഹരമായ ഒരു ഭവനവും മനോഹരമായ ഒരു കൊട്ടാരവും പണിതു. അതിനെ ദാവീദിന്റെ നഗരം എന്നാണ് വിളിച്ചിരുന്നത്. അനേകം ഭാര്യമാരും ഏകദേശം 19 മക്കളുമുള്ള അദ്ദേഹം , " നിന്റെ ഭവനവും രാജ്യവും എന്റെ മുമ്പാകെ എന്നേക്കും സ്ഥാപിക്കപ്പെടും" എന്ന് പറഞ്ഞുകൊണ്ട് പിൻതലമുറയ്ക്കായി രാജ്യം സ്ഥാപിച്ചു.
എല്ലാത്തിനുമുപരിയായി, കർത്താവായ യേശുവിനെപ്പോലും അബ്രഹാമിന്റെ പുത്രനെന്നോ, യോസേഫിന്റെ പുത്രനെന്നോ വിളിച്ചിട്ടില്ല. മറിച്ച് ദാവീദിന്റെ പുത്രൻ എന്നാണ് വിളിച്ചിരുന്നത്. ( പുതിയ നിയമത്തിലെ 17 വാക്യങ്ങളിൽ കർത്താവായ യേശുവിനെ ദാവീദിന്റെ പുത്രൻ എന്ന് പരാമർശിക്കുന്നു.) ദാവീദ് രാജാവിന് ഇതിലും വലിയ എന്ത് അനുഗ്രഹമാണ് ലഭിക്കുക?
പ്രിയപ്പെട്ട യൗവനക്കാരെ, ദാവീദിനെ അനുഗ്രഹിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്ത കർത്താവ് നിങ്ങളെയും അനുഗ്രഹിക്കുകയും ഉയർത്തുകയും ചെയ്യും. കർത്താവ് ശക്തനാണ്. എന്നാൽ കർത്താവ് നിങ്ങളോടുകൂടെ ഉണ്ടായിരിക്കണം. കർത്താവ് നിങ്ങളോടൊപ്പമുണ്ടെങ്കിൽ നിങ്ങൾ ശക്തിയുള്ളവരും അനുഗ്രഹിക്കപ്പെട്ടവരുമായി നിലനിൽക്കുവാൻ കഴിയും. കർത്താവായ യേശുവിന്റെ സ്നേഹത്തിൽ നിന്ന് നിങ്ങളെ വേർപിരിക്കുന്നതെന്താണെന്ന് ചിന്തിക്കുക. അവ ഉപേക്ഷിക്കുക. ആവശ്യത്തിന് മാത്രം കർത്താവിനെ അന്വേഷിക്കാതെ കർത്താവിന്റെ പാദങ്ങളിൽ സ്വയം സമർപ്പിക്കുക. എപ്പോഴും കർത്താവിനെ അന്വേഷിക്കുക. കർത്താവ് നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.
എല്ലാവർക്കും ക്രിസ്തുമസ് ആശംസകൾ!

Heart Beat



# കരത്തിൽ ചുമന്നു?

**ഞാൻ ഒരു ഹോസ്റ്റലിൽ താമസിച്ച് ഒമ്പതാം ക്ലാസിൽ പഠിക്കുന്നു. കഴിഞ്ഞ കൊറോണ മഹാമാരിയുടെ സമയത്ത് എന്റെ മാതാപിതാക്കൾ മരിച്ചു. എന്റെ ഒരു ബന്ധു എന്നെയും സഹോദരിയെയും ഒരു ക്രിസ്ത്യൻ ഹോസ്റ്റലിൽ ആക്കി. എന്റെ മാതാപിതാക്കൾ ഉണ്ടായിരുന്നപ്പോൾ എല്ലാ വർഷവും ഞങ്ങൾ ക്രിസ്തുമസ് ദിവസം പള്ളിയിൽ പോകും,അതിനുശേഷം 5 കൊച്ചു കുഞ്ഞുങ്ങൾക്ക് ഞങ്ങളുടെ കഴിവിനുസരിച്ച് ഭക്ഷണവും വസ്ത്രങ്ങളും കേക്കും നൽകി അവരോടൊപ്പം ക്രിസ്തുമസ് ആഘോഷിച്ചിരുന്നു. എന്നാൽ ഈ വർഷം എനിക്ക് ഈ അവസ്ഥ വന്നതിൽ ഞാൻ വളരെ വിഷമിക്കുന്നു. ഒരു കമ്പനി തുടങ്ങി നിരവധി ആളുകൾക്ക് തൊഴിൽ നൽകുകയും അവരുടെ ജീവിത നിലവാരം ഉയർത്തുകയും ചെയ്യണം എന്നതാണ് എന്റെ സ്വപ്നം. എല്ലാ വർഷവും ഞങ്ങൾ ക്രിസ്തുമസിനായി കാത്തിരിക്കും. എന്നാൽ ഈ വർഷം, എന്തിന് ക്രിസ്തുമസ് വന്നു എന്ന് ചിന്തിച്ചു. അതുകൂടാതെ, ക്രിസ്തുമസ് ദിവസം ദേവാലയത്തിൽ പോകാൻ സാധിക്കുമോ? എന്ന് ആലോചിക്കുകയാണ്. താങ്കൾ എന്നെ സഹായിക്കുമോ? - ജെനി, മുംബൈ.**

പ്രിയ സഹോദരി ജെനി! നിങ്ങളുടെ ജീവിതത്തിലെ വേദനാജനകമായ സാഹചര്യവും നഷ്ടവും മനസ്സിലാക്കാവുന്നതേയുള്ളൂ. നിങ്ങൾ മാതാപിതാക്കളെ നഷ്ടപ്പെട്ട് ഒരു വലിയ ചോദ്യചിഹ്നമായി ഇരിക്കുന്നത് വളരെ വേദനാജനകമായ കാര്യമാണ്. അശരണരായ പലരോടും സ്നേഹവും കരുണയും കാണിച്ച നിങ്ങൾ, ഇപ്പോൾ, ആ കരുതൽ ആഗ്രഹിക്കുന്നത് മനസ്സിലാകുന്നു.

ആഘോഷ ദിവസങ്ങളിൽ സാധുക്കളെ ഓർത്ത്, അവരെ സ്നേഹിക്കുകയും, സമ്മാനങ്ങൾ നൽകുകയും ചെയ്തിരുന്ന നിങ്ങളെ, മറ്റുള്ളവർ സഹായിക്കുന്നത് വളരെ വേദനാജനകമാണ്.

ജെനി, നമുക്ക് പിതാവിനെയോ, മാതാവിനെയോ നഷ്ടപ്പെടുമ്പോൾ യേശു നമ്മുടെ പിതാവും മാതാവുമായി ഉത്തരവാദിത്വം ഏറ്റെടുക്കുകയും ആ കടമ നിർവഹിക്കുവാൻ തുടങ്ങുകയും ചെയ്യുന്നു. ജീവിതത്തിൽ മാതാവും പിതാവും നഷ്ടപ്പെട്ടവർക്ക്, കർത്താവ് എല്ലാം നോക്കിക്കൊള്ളും എന്നതിൽ സംശയമില്ല.

അതിനാൽ ജെനി, നിങ്ങളുടെ അവസ്ഥ ഇങ്ങനെ മാറിയതിനാൽ തളർന്നു പോകരുത്.





അവിശ്വാസികളുടെ ജീവിതത്തിൽ പ്രത്യാശ നൽകുവാനാണ് യേശു ലോകത്തിലേക്ക് വന്നത്. എന്റെ ജീവിതം ശൂന്യമായി മാറിയിരിക്കുന്നു, ഇനി എന്റെ ജീവിതത്തിൽ വെളിച്ചവുമില്ല, നന്മയുമില്ല എന്ന് തകർന്നിരിക്കുന്ന നിങ്ങളുടെ ജീവിതത്തിലെ വെളിച്ചമാണ് യേശു.


നിങ്ങൾ യേശുവിനെ മുറുകെ പിടിക്കുമ്പോൾ, നിങ്ങളുടെ നിരാശ നിറഞ്ഞ ജീവിതം പ്രത്യാശയുള്ളതാക്കാൻ കർത്താവിന് കഴിയും. കയ്പ്പായിമാറിയ നിങ്ങളുടെ ജീവിതം വീണ്ടും മധുരമുള്ളതാക്കി മാറ്റും.

ഈ അവസ്ഥയിലും മുന്നോട്ട് പോകാൻ കർത്താവ് നിങ്ങളെ സഹായിക്കും. നിങ്ങളുടെ രണ്ടുപേരുടെ ജീവിതത്തെയും കർത്താവ് ഉയർത്തും. മറ്റുള്ളവരെ സഹായിച്ച ഞാൻ, ഇന്ന് സഹായത്തിനായി കാത്തിരിക്കുന്നു എന്ന് ചിന്തിച്ച് വഴിതെറ്റി പോകരുത്. നിങ്ങളെ വീണ്ടും നൽകുന്ന കരങ്ങളാക്കി മാറ്റാൻ യേശുവിന് കഴിയും.

നിങ്ങളെപ്പോലെ, യൗവനക്കാരിയായ സെൽവ സെജിഭായി, മാതാപിതാക്കളെ നഷ്ടപ്പെട്ട് ബോർഡിംഗ് സ്കൂളിൽ പഠനം പൂർത്തിയാക്കി, ഒരു ഫാക്ടറി സ്ഥാപിച്ച് ഇന്ന് ഒരു ജയാളിയായി മുന്നേറുകയാണ്. അവൾ തളർന്നുപോകാതെ, ഹോസ്റ്റലിൽ വച്ച് അറിഞ്ഞ യേശുവിന്റെ ഉപദേശങ്ങൾ ശ്രവിച്ചു, വിശ്വസിച്ചു, ആത്മവിശ്വാസത്തോടെ പ്രവർത്തിച്ചു. പ്രതികൂലങ്ങളിൽ നിന്ന് പുറത്തുകടന്ന് യേശു എന്നെ സഹായിക്കും എന്ന ഉറച്ച വിശ്വാസത്തോടെ പ്രവർത്തിച്ചു, വിജയം കൈവരിച്ചു.

ജെനി, നിങ്ങൾക്കും ഇതേ വിശ്വാസം പിന്തുടരുവാനും, നന്നായി പഠിച്ച് നിങ്ങളുടെ സ്വപ്നമായ കമ്പനി സ്ഥാപിക്കുവാനും, അനേകരുടെ ജീവിത നിലവാരം ഉയർത്തുവാനും കഴിയും.

തുടർന്നും നിങ്ങൾ തളർന്നിരിക്കുവാൻ പോകുകയാണോ? അതോ വീണ്ടും എഴുന്നേറ്റ്, വിശ്വാസത്തിൽ ശക്തിപ്രാപിച്ച്, യേശുവിന്റെ കൃപയാൽ നിങ്ങളുടെ സ്വപ്നം സാക്ഷാത്കരിക്കുവാൻ പ്രവർത്തിക്കുന്നത് തുടരുന്നുവോ?




നിങ്ങൾ താമസിക്കുന്ന ക്രിസ്ത്യൻ ഹോസ്റ്റലിൽ നിരന്തരം പ്രാർത്ഥനയോടും വിശ്വാസത്തോടും കൂടെ പഠിക്കാൻ ശ്രമിക്കുക.

പ്രയാസം വരുമ്പോൾ അതിജീവിക്കാൻ നിരവധി സാക്ഷ്യങ്ങൾ കേൾക്കുവാൻ ശ്രമിക്കുക. തിരുവചനം വായിക്കാൻ തുടങ്ങുക. നിങ്ങളുടെ വിശ്വാസം ശക്തിപ്പെടും. ഒരു പുതിയ പ്രതീക്ഷ ഉണ്ടാകും.

എല്ലാ ആഴ്ചയും പതിവായി ദേവാലയത്തിൽ പോകാൻ തീരുമാനിക്കുക.

എന്തുകൊണ്ടാണ് എനിക്ക് ഇത് സംഭവിച്ചത് എന്ന ചിന്ത ഉണ്ടാകുമ്പോൾ, യേശു എന്നെ സ്നേഹിക്കുന്നു, യേശു എന്റെ ജീവിതത്തിൽ ഒരിക്കലും തിന്മ ചെയ്യുകയില്ലെന്നും, എന്നെ കൈവിടുകയില്ലെന്നും ഇടയ്ക്കിടെ പറഞ്ഞ് നിങ്ങൾ സ്വയം ശക്തിപ്പെടണം.

"എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു" (ഫിലി.4:13) എന്ന വചനമനുസരിച്ച് വിശ്വാസത്തോടെ പ്രവർത്തിക്കുക!

**ജെനി നിങ്ങൾക്ക് എന്റെ സ്നേഹം നിറഞ്ഞ ക്രിസ്തുമസ് ആശംസകൾ!**



# കർത്താവ് നിഷ്പക്ഷനാണ്!

ഈ ലോകത്തിൽ ജീവിക്കുന്ന ജനങ്ങളിൽ ചിലർ  മാളിക പോലുള്ള വീടുകളിലും, ചിലർ കുടിലുകളിലും, ചിലർ സാധാരണ വാസസ്ഥലങ്ങളിലുമാണ് താമസിക്കുന്നത്. ഇതിൽ ഉന്നതരും, താഴ്ന്നവരും, ധനികരും, ദരിദ്രരും, ജ്ഞാനികളും, മൂഢന്മാരും, ദുഷ്ടന്മാരും, നീതിമാന്മാരും ഉണ്ടെങ്കിലും അവരുടെ ജീവിതരീതിയും ജീവിത നിലവാരവും വ്യത്യസ്തമാണെങ്കിലും അവരെല്ലാം ഈ ഭൂമിയിൽ ജനിച്ച് ജീവിച്ച് ഒരു നാൾ ഈ ലോകം വിടണമെന്നതാണ് ദൈവത്തിന്റെ നിയമം. എന്നാൽ കർത്താവ് അവരോട് എല്ലാവരോടും, ".... തന്റെ സൂര്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും മഴ പെയ്യിക്കയും ചെയ്യുന്നുവല്ലോ" (മത്തായി 5:45) എന്ന് പറയുന്നതിൽ നിന്നും ദൈവത്തിന്റെ നിഷ്പക്ഷമായ സ്നേഹം വെളിപ്പെടുന്നു.



കർത്താവായ യേശുക്രിസ്തു ഈ ഭൂമിയിൽ വന്നത് ഒരു പ്രത്യേക ജാതിയോ മതമോ സ്ഥാപിക്കുവാനല്ല.  ഈ ഭൂമിയിൽ പാപം ചെയ്ത് ജീവിതം നശിപ്പിച്ചുകൊണ്ടിരിക്കുന്ന ഓരോ മനുഷ്യനെയും രക്ഷിക്കുവാനാണ് കർത്താവ് മനുഷ്യനായി അവതരിച്ചത്.  ഒരു രാജാവിന്റെ മനസ്സിൽ അടങ്ങാത്ത ഒരു സംശയം ഉണ്ടായിരുന്നു.  അതായത്, മനുഷ്യനെ രക്ഷിക്കാൻ യേശു എന്തിനാണ് വന്നത്?  കർത്താവ് എല്ലാറ്റിന്റെയും സൃഷ്ടാവാണല്ലോ! മനുഷ്യനെ രക്ഷിക്കാൻ ഒരു മാലാഖയെ അയച്ചിരിക്കാമല്ലോ! കർത്താവ് എന്തിനാണ് വന്നത്?  രാജാവ് തന്റെ മനസ്സിലെ സംശയം മന്ത്രിയോട് ചോദിച്ചു.  രാത്രി മുഴുവൻ ആലോചിച്ച് മന്ത്രി ഒരു തീരുമാനത്തിലെത്തി. അടുത്ത ദിവസം രാജാവിന്റെ കൊട്ടാരത്തിൽ പോയി   മനുഷ്യനെ രക്ഷിക്കാൻ കർത്താവ് വന്നതെന്തിനാണെന്ന രാജാവിന്റെ ചോദ്യത്തിന് ഉത്തരം കണ്ടെത്തിയതായി

പറഞ്ഞു. വരൂ, നമുക്ക് കൊട്ടാരത്തിൽ നിന്ന് അക്കരേക്ക് പോകാം എന്ന് പറഞ്ഞു. രാജാവും തന്റെ മകനും ഒരു വലിയ ജനക്കൂട്ടവും യുദ്ധസേവകരുമായി നദി മുറിച്ചുകടക്കാൻ ഒരുങ്ങുമ്പോൾ, അപ്രതീക്ഷിതമായി മന്ത്രി രാജാവിന്റെ മകനെ നദിയിലേക്ക് തള്ളിയിട്ടു. ഇത് കണ്ട രാജാവ് മറ്റൊന്നും ചിന്തിക്കാതെ, നദിയിലേക്ക് ചാടി മകനെ രക്ഷിച്ചു. കോപത്തോടെ പുറത്തേക്ക് വന്ന രാജാവ് മന്ത്രിയോട്: "എന്തിനാണ് എന്റെ മകനെ പുഴയിലേക്ക് തള്ളിയത്?" എന്ന് ചോദിച്ചു. "താങ്കളുടെ മകൻ നദിയിൽ വീണപ്പോൾ , അവനെ രക്ഷിക്കാൻ ഞാൻ ഉണ്ടായിരുന്നു, യുദ്ധ ഭടന്മാരുണ്ടായിരുന്നു, ഇത്രയൊക്കെ ഉണ്ടായിരുന്നിട്ടും രാജാവ് എന്തിനാണ് നദിയിലേക്ക് ചാടിയത്" എന്ന് ചോദിച്ചു. "ഞാൻ അവനെ അത്രയധികം സ്നേഹിക്കുന്നതിനാൽ, മറ്റാരെയും കാത്തുനിൽക്കാതെ ഞാൻ സ്വയം നദിയിൽ ചാടി അവനെ രക്ഷിച്ചു" എന്ന് രാജാവ് പറഞ്ഞു.



അപ്പോൾ മന്ത്രി രാജാവിനോട് : "രാജാവേ, പാപത്തിലും ശാപത്തിലും പിശാചിന്റെ പിടിയിലും അകപ്പെട്ട് മരണത്തിലേക്ക് പോയിക്കൊണ്ടിരിക്കുന്ന തന്റെ മക്കളെ രക്ഷിക്കാനാണ് കർത്താവായ യേശുക്രിസ്തു തന്റെ ദൂതന്മാരെ അയക്കാതെ, മനുഷ്യപുത്രനായി ഈ ഭൂമിയിലേക്ക് വന്നതെന്ന് പറഞ്ഞു. കർത്താവ് മുഖപക്ഷമില്ലാത്തവനാണ്. അതുകൊണ്ടാണ് കർത്താവ് പണക്കാരനെന്നോ, ദരിദ്രനെന്നോ, അടിമയെന്നോ, യജമാനനെന്നോ, നല്ലവനെന്നോ, മോശപ്പെട്ടവനെന്നോ, പുരുഷനെന്നോ, സ്ത്രീയെന്നോ, വെളുത്തവനെന്നോ, കറുത്തവനെന്നോ യാതൊരു വിവേചനവുമില്ലാതെ മനുഷ്യനെ രക്ഷിക്കാൻ വന്നതും ജീവത്യാഗമായി മാറിയതും".

യേശു എല്ലാ മനുഷ്യരോടും മുഖപക്ഷമില്ലാതെ ഒരുപോലെ സ്നേഹം കാണിച്ചതുപോലെ, നാമും ഈ ആഘോഷദിനങ്ങളിൽ നമുക്ക് ചുറ്റുമുള്ള സാധുക്കളും ദരിദ്രരും ദുർബലരുമായ ആരെയും ഉപേക്ഷിക്കാതെ ക്രിസ്തുവിന്റെ സ്നേഹം വെളിപ്പെടുത്തണം. "മനുഷ്യൻ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതൊക്കെയും നിങ്ങൾ അവർക്കും ചെയ് വിൻ" (മത്തായി 7:12). നിങ്ങളെപ്പോലെ മറ്റുള്ളവരെ സ്നേഹിക്കുവിൻ എന്ന പ്രധാന ആശയമാണ് യേശുക്രിസ്തുവിന്റെ ജനന സന്ദേശം നമുക്ക് വെളിപ്പെടുത്തുന്നത്. തന്നെതന്നെ സ്നേഹിക്കാത്ത ഒരു മനുഷ്യനും ഈ ഭൂമിയിൽ ഉണ്ടാകില്ല. ഒരുവൻ തന്നെയും കുടുംബത്തെയും മുഖപക്ഷമില്ലാതെ സ്നേഹിക്കുന്നതുപോലെ, നാമും അങ്ങനെ തന്നെയായിരിക്കണം. നമ്മോടൊപ്പം പഠിക്കുന്ന, നമ്മുടെ കീഴിൽ ജോലി ചെയ്യുന്ന സുഹൃത്തുക്കളെ, നമുക്ക് എതിരായി നിൽക്കുന്ന സുഹൃത്തുക്കളെ പക്ഷപാതമില്ലാതെ സ്നേഹിക്കുക. നന്മ ചെയ്യുക എന്നതാണ് യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള സന്തോഷവാർത്ത.

യേശുക്രിസ്തുവിന്റെ കുറ്റം കണ്ടുപിടിക്കുവാനായി വ്യഭിചാരിണിയായ ഒരു സ്ത്രീയെ കർത്താവിന്റെ അടുക്കൽ കൊണ്ടുവന്നു, ആ സ്ത്രീയുടെ ഉള്ളത്തിൽ: കർത്താവ് നിശ്ചയമായും എന്നെ ശിക്ഷിക്കും എന്ന് വിചാരിച്ചുകൊണ്ടിരുന്നു. എന്നാൽ യേശു ആ സ്ത്രീയെ പാപിയെന്ന് വിധിക്കാതെ, സ്നേഹിച്ചതുകൊണ്ട് കുറ്റം വിധിക്കാതെ അവളെ സ്വതന്ത്രയാക്കി.

**പ്രിയപ്പെട്ട യൗവനക്കാരെ,"ദൈവത്തിന്റെ പക്കൽ മുഖപക്ഷമില്ല" (റോമർ 2:11). ക്രിസ്തു നമ്മോട് പെരുമാറുന്നതുപോലെ മറ്റുള്ളവരോടും പെരുമാറണമെന്ന് ക്രിസ്തുവിന്റെ ജനന സന്ദേശം നമ്മെ അറിയിക്കുന്നു. അതുകൊണ്ട് നമുക്ക് ചുറ്റുമുള്ള വ്യക്തികളോട് മുഖപക്ഷം കാണിക്കാതെ ദൈവത്തിന്റെ സ്നേഹം പ്രകടിപ്പിക്കുകയും ക്രിസ്തുവിന്റെ ജനനം ആഘോഷിക്കുകയും ചെയ്യാം.**




# വിലയേറിയ നിമിഷങ്ങൾ....

**പ്രിയ യുവ വിജയികൾക്ക് എന്റെ ആശംസകൾ. എല്ലാ ദിവസവും ഓരോ മിനിറ്റിലും നിങ്ങളുടെ സ്വപ്നത്തിനായി നിങ്ങൾ കഠിനാധ്വാനം ചെയ്യുന്നുണ്ടെന്ന് എനിക്ക് ഉറപ്പുണ്ട്. ഈ ലോകത്തിൽ നാം ജീവിക്കുന്ന ഓരോ മിനിറ്റും നമുക്ക് നേടാനായി നൽകിയിരിക്കുന്ന വിലപ്പെട്ട നിമിഷങ്ങളാണ്. ആ വിലയേറിയ നിമിഷങ്ങളെ നേട്ടങ്ങളുടെ മേഖലകളാക്കി മാറ്റാൻ നിങ്ങളെ പ്രചോദിപ്പിക്കുവാൻ ഒരു നേട്ടക്കാരന്റെ ജീവിതം നിങ്ങൾക്കായി.**

ഡൽഹിയിലാണ് തേജസ്വിൻ ശങ്കർ ജനിച്ചത്. കുട്ടിക്കാലം മുതൽ, ക്രിക്കറ്റിൽ അധികം താൽപര്യം കാണിച്ചിരുന്നതിനാൽ, അതിൽ കൂടുതൽ ശ്രദ്ധചെലുത്താൻ തുടങ്ങി. എന്നാൽ അവനെ ശ്രദ്ധിച്ച സ്കൂൾ കായിക അദ്ധ്യാപിക തേജസ്വിന് മറ്റൊന്നിൽ കഴിവുണ്ടെന്ന് മനസ്സിലാക്കി, ക്രിക്കറ്റിനേക്കാൾ ഹൈജമ്പിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഉപദേശിച്ചുകൊണ്ട് തേജസ്വിനെ ഹൈജമ്പ് പരിശീലിക്കാൻ പ്രേരിപ്പിച്ചു.

സ്കൂൾ കായിക അദ്ധ്യാപികയുടെ ആവേശം തേജസ്വിന്റെ ജീവിതം മാറ്റിമറിച്ചു. അത് ഹൈജമ്പിൽ വിജയിക്കുമെന്ന ആത്മവിശ്വാസം നൽകി. 14-ാം വയസ്സിൽ തേജസ്വിന്റെ പിതാവ് രക്താർബുദം ബാധിച്ച് മരിച്ചു. അച്ഛന്റെ മരണം അവനെ വല്ലാതെ ബാധിച്ചു. മരിച്ചുപോയ അവന്റെ പിതാവിന് തീർച്ചയായും ഗെയിമിൽ വിജയിക്കുമെന്ന് വാക്ക് നൽകിയിരുന്നു. വാക്ക് കൊടുക്കുക മാത്രമല്ല, അവൻ അതിനായി പ്രവർത്തിക്കുകയും ചെയ്തു.

2013 ൽ ഡൽഹി സ്റ്റേറ്റ് അത് ലറ്റിക് ചാമ്പ്യൻഷിപ്പിൽ തേജസ്വിൻ പങ്കെടുത്ത് വെങ്കല മെഡൽ നേടിയിരുന്നു. തന്റെ ജീവിതത്തിലെ ഓരോ നിമിഷവും സുവർണ്ണ നിമിഷങ്ങളാക്കി മാറ്റി, അദ്ദേഹം തന്റെ ഇതിഹാസ യാത്ര ആരംഭിച്ചു.

2015ൽ അപ്പിയയിൽ നടന്ന കോമൺവെൽത്ത് യൂത്ത് ഗെയിംസിൽ സ്വർണം നേടിയിരുന്നു. 2016 ദക്ഷിണേന്ത്യൻ ഗെയിംസ് ഗുവാഹത്തിയിൽ



നടന്ന മത്സരത്തിൽ വെള്ളി മെഡൽ നേടി. 2018 -ൽ ഗോൾഡ് കോസ്റ്റിൽ നടന്ന കോമൺവെൽത്ത് ഗെയിംസിൽ, ആറാം സ്ഥാനവുമായി അദ്ദേഹം എല്ലാവരുടെയും ശ്രദ്ധ പിടിച്ചുപറ്റി. ഇന്ന് അദ്ദേഹം ഒരു യുവ നേട്ടക്കാരനായി മുന്നേറുകയാണ്.

**ഇത് വായിക്കുന്ന യൗവനക്കാരെ! തേജസ്വിൻ ജനിച്ചപ്പോൾ ഒരു ജയാളിയായി ജനിച്ചിരുന്നില്ല. അവന്റെ ആഗ്രഹവും സ്ഥിരോത്സാഹവും അവനെ വിജയകരമായ ഒരു ഹൈജമ്പറാക്കി. ലോകത്തിൽ ആരും ജയാളിയായി ജനിക്കുന്നില്ല. വളരുന്നതിനോടൊപ്പം തന്നെ നേട്ടങ്ങൾ കൈവരിക്കണമെന്ന അതിയായ ആഗ്രഹം നിങ്ങൾക്കുണ്ടെങ്കിൽ, തീർച്ചയായും ലോകം കാണുന്ന ഒരു ജയാളിയാകാം. ഒന്ന് രണ്ട് തവണ പരാജയപ്പെടുമ്പോൾ "എനിക്ക് അത് ചെയ്യാൻ കഴിയില്ല!" എന്ന് കരുതരുത്. കഠിനാധ്വാനം ചെയ്യുക, ചുരുങ്ങിയ സമയത്തിനുള്ളിൽ നിങ്ങൾക്ക് ഒരു ജയാളിയാകാം. നിങ്ങൾ ആഗ്രഹിക്കുന്ന സുവർണ്ണ നിമിഷങ്ങൾ നിങ്ങളുടെ കൈകളിലാണ്!!**




## കേരളം - മൂന്നാറിൽ

## യുവജന ഉണർവ് യോഗം

യേശു വിടുവിക്കുന്നു യുവജന ശുശ്രൂഷയിലൂടെ നൂറുകണക്കിന് യുവജനങ്ങൾ പങ്കെടുക്കുകയും തങ്ങളുടെ സംസ്ഥാനത്തിന്റെ ഉണർവിനായി പ്രാർത്ഥിക്കുകയും ചെയ്ത യുവജന ഉണർവ് യോഗം ഒക്ടോബർ 29 ന് കേരളത്തിലെ മൂന്നാറിൽ നടന്നു. പങ്കെടുത്ത നിരവധി യൗവനക്കാർ അഭിഷേകവും ഉണർവ് ദർശനവും പ്രാപിച്ച് കടന്നുപോയി. കർത്താവ് ശുശ്രൂഷകരെ ശക്തമായി ഉപയോഗിച്ചു. തങ്ങളുടെ ജില്ലയിൽ സുവിശേഷം അറിയിക്കുവാൻ 13,000 ലഘുലേഖകൾ വാങ്ങുകയും ചെയ്തു. ദൈവത്തിന് മഹത്ത്വം!



# നന്മ ചെയ്യുവിൻ!




"അവൻ (കൊർന്നേല്യൊസ്) ഭക്തനും തന്റെ സകല ഗൃഹത്തോടും കൂടെ ദൈവത്തെ ഭയപ്പെടുന്നവനുമായി ജനത്തിനു വളരെ ധർമം കൊടുത്തും എപ്പോഴും ദൈവത്തോടു പ്രാർത്ഥിച്ചും പോന്നു" (അപ്പൊ. പ്രവ. 10:2). ശതാധിപനായ കൊർന്നേല്യൊസിന് യഥാർത്ഥ ദൈവം ആരാണെന്ന് അറിയില്ലെങ്കിലും ദൈവമുണ്ടെന്ന് അറിയാമായിരുന്നു. ആ ദൈവത്തിൽ വിശ്വസിച്ച് ഭയത്തോടെ നടന്നു. ദൈവഭയത്തോടെ, പാവപ്പെട്ടവർക്കും ദരിദ്രർക്കും ധാരാളം ദാനധർമ്മങ്ങൾ ചെയ്തു. ദൂതൻ വന്ന് കൊർന്നേല്യൊസിനോട് "നിന്റെ പ്രാർത്ഥനയും ധർമവും ദൈവത്തിന്റെ മുമ്പിൽ എത്തിയിരിക്കുന്നു" എന്ന് സ്വകാര്യമായി പറഞ്ഞു. നമ്മൾ മറ്റുള്ളവരെ സഹായിക്കുമ്പോൾ, അത് സ്വർഗ്ഗത്തിൽ ദൈവത്തിന്റെ മുമ്പാകെ പോകുന്നു. അതിനാൽ, നാം നന്മയും ദാനവും ചെയ്യാൻ സ്വയം സമർപ്പിക്കണം.

## എന്തുകൊണ്ടാണ് നന്മ ചെയ്യുന്നത്?

### ദൈവത്തിന്റെ കൽപ്പന

"ദരിദ്രൻ ദേശത്ത് അറ്റുപോകയില്ല; അതുകൊണ്ട് നിന്റെ ദേശത്ത് അഗതിയും ദരിദ്രനുമായ നിന്റെ സഹോദരന് നിന്റെ കൈ മനസ്സോടെ തുറന്നു കൊടുക്കേണമെന്നു ഞാൻ നിന്നോട് ആജ്ഞാപിക്കുന്നു" (ആവർത്തനം 15:11). ദരിദ്രനെ സഹായിക്കാനും ഉദാരമായി കൈ തുറക്കുവാനും സഹോദരനെ സഹായിക്കുവാനും ദൈവം നിങ്ങളോട് കൽപ്പിക്കുന്നു. സദൃശവാക്യങ്ങൾ 17:5 വായിക്കുമ്പോൾ, നിങ്ങൾ ഒരു ദരിദ്രനെ നിന്ദിക്കുകയും പരിഹസിക്കുകയും ചെയ്യുമ്പോൾ, നിങ്ങൾ അവനെ സൃഷ്ടിച്ച കർത്താവിനെ നിന്ദിക്കുകയാണെന്ന് വചനം പറയുന്നു. ദരിദ്രരെയും എളിയവരെയും കുറിച്ച് കർത്താവിന് ഉത്കണ്ഠയും ശ്രദ്ധയും ഉള്ളതിനാൽ, കർത്താവ് ഈ കൽപ്പന എഴുതിയിരിക്കുന്നു.

### അവൻ കർത്താവിന് വായ്പ കൊടുക്കുന്നു

"എളിയവനോടു കൃപ കാട്ടുന്നവൻ യഹോവയ്ക്കു വായ്പ കൊടുക്കുന്നു" (സദൃശവാക്യങ്ങൾ 11

:17). മനുഷ്യന് മനുഷ്യൻ വായ്പ കൊടുക്കും. എന്നാൽ കർത്താവ് നമുക്ക് കൃപ നൽകുന്നു. അതിൽ ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവ് നമ്മുടെ കടക്കാരനായി മാറുന്നു. നിങ്ങൾ

ദരിദ്രർക്ക് കൊടുക്കുമ്പോൾ നിങ്ങൾ ദൈവത്തിന് വായ്പ കൊടുക്കുകയാണെന്ന് വചനത്തിൽ പറയുന്നു.

സഭയ്ക്ക് ദശാംശമോ വഴിപാടോ നൽകുന്നത് ശുശ്രൂഷയ്ക്കല്ല, കർത്താവിന് നൽകുന്നതാണെന്ന് പലരും കരുതുന്നു. അങ്ങനെയല്ല, നിങ്ങൾ ഒരു ദരിദ്രന് നൽകുമ്പോൾ, വിധവയെ സഹായിക്കുമ്പോൾ, പിതാവില്ലാത്ത കുട്ടിയെ സഹായിക്കുമ്പോൾ, പീഡിതർക്ക് നന്മ ചെയ്യുമ്പോൾ നിങ്ങൾ കർത്താവിന് വായ്പ നൽകുന്നു. നിങ്ങൾ ദരിദ്രർക്ക് നൽകുന്നത് കർത്താവ് നിങ്ങൾക്ക് ഇരട്ടിയായി തിരികെ നൽകും.

## ആർക്കാണ് പ്രയോജനപ്പെടേണ്ടത്?

"നന്മ ചെയ് വാൻ നിനക്കു പ്രാപ്തിയുള്ളപ്പോൾ അതിനു യോഗ്യന്മാരായിരിക്കുന്നവർക്കു ചെയ്യാതിരിക്കരുത്" (സദൃശവാക്യങ്ങൾ 3:27). എല്ലാവരോടും എന്ന് പറയുന്നില്ല, ചെയ്യാൻ കഴിയുന്നവരോട് ചെയ്യാൻ വചനം പറയുന്നു.



ഒരു ദിവസം ഇരു കൈകളുമില്ലാത്ത ഒരു സഹോദരൻ വന്നു. അവനോട് ആർക്കും സഹതാപം തോന്നാം. പക്ഷെ എനിക്ക് അവനോട് സഹതാപം തോന്നിയില്ല. എന്റെ മകളുടെ വിവാഹമാണ്. എനിക്ക് ഒരു ജോലിയും ചെയ്യാൻ കഴിയില്ല. എനിക്ക് വിവാഹത്തിന് വരുന്നവർക്ക് ഭക്ഷണം നൽകണം, അതിനുള്ള പണമില്ല എന്ന് പറഞ്ഞ് അയാൾ കരഞ്ഞു. അയാളെ സഹായിക്കാൻ എനിക്കൊരിക്കലും ആഗ്രഹമുണ്ടായില്ല. കാരണം കർത്താവ് എനിക്ക് അതിനുള്ള പ്രചോദനം നൽകാതിരുന്നതിനാൽ വിവാഹം ദിവസം തന്നെ നിങ്ങൾക്ക് പണം ലഭിക്കും, നിങ്ങളുടെ വിലാസം എനിക്ക് നൽകിയിട്ട് ധൈര്യത്തോടെ പോകാൻ അവനോട് പറഞ്ഞു.

ശുശ്രൂഷയിലെ ഒരു സഹോദരന്റെ കൈയിൽ ഞാൻ പണം നൽകി, അവനെക്കുറിച്ച് അന്വേഷിച്ച ശേഷം പണം നൽകാൻ പറഞ്ഞു. അദ്ദേഹം അവന്റെ ഗ്രാമത്തിൽ പോയി അന്വേഷിച്ചപ്പോൾ അവന്റെ മകളുടെ വിവാഹം കഴിഞ്ഞിട്ട് വർഷങ്ങളായി, അവന്റെ വീട്ടിൽ ഇന്ന് വിവാഹമൊന്നുമില്ല എന്ന് അവിടെയുള്ളവർ പറഞ്ഞു. അവൻ പണം കൈക്കലാക്കി വഞ്ചിക്കുവാൻ വന്നതാണെന്ന് കർത്താവ് അറിഞ്ഞിരുന്നതിനാൽ, കർത്താവ് എന്റെ ഹൃദയത്തെ അടച്ചു. അതുകൊണ്ടാണ് എനിക്ക് അവനോട് കരുണ തോന്നാതിരുന്നത്. അതുതന്നെയാണ് കർത്താവ് നമ്മോടും പറയുന്നത്.

## വിശ്വാസമുള്ള കുടുംബത്തിന് വേണ്ടി ചെയ്യുക

"ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും, വിശേഷാൽ സഹവിശ്വാസികൾക്കും നന്മചെയ്ക" (ഗലാ. 6:10).. ജാതി മത വ്യത്യാസം നോക്കരുത്. ആർക്കെങ്കിലും ആവശ്യമുണ്ടോ എന്ന് നോക്കുക. അവരെ സഹായിക്കുക. വിശ്വാസമുള്ള കുടുംബത്തിന് നന്മ ചെയ്യണമെന്ന് വചനം പറയുന്നു. യേശുവിനെ അറിയാത്ത ഒരു കുടുംബത്തിൽ നിന്ന് രക്ഷിക്കപ്പെട്ടവർക്ക് ബുദ്ധിമുട്ടുണ്ടെങ്കിൽ അവരെ സഹായിക്കേണ്ടത് അനിവാര്യമാണ്. സഹായിപ്പാൻ ആരുമില്ലാത്തപ്പോൾ ഒരു വിശ്വാസിക്ക് പ്രയോജനം ചെയ്യാത്തത് പാപമാണ്.

## ദൈവശുശ്രൂഷകർക്ക് ചെയ്യുക

"വചനം പഠിക്കുന്നവൻ പഠിപ്പിക്കുന്നവന് എല്ലാ നന്മയിലും ഓഹരി കൊടുക്കേണം" (ഗലാ 6:6). വചനം കേട്ട് അനുഗ്രഹം പ്രാപിക്കുന്നവർ വചനം പ്രഘോഷിക്കുന്നവരുമായി നേട്ടങ്ങൾ പങ്കിടണം. ശുശ്രൂഷകർക്ക് നന്മ ചെയ്യണമെന്നാണ് വചനം പറയുന്നത്. നിങ്ങളുടെ ഗ്രാമത്തിലും പട്ടണത്തിലും ഗ്രാമങ്ങൾതോറും പോയി സുവിശേഷം പ്രഘോഷിക്കുന്ന, ലഘുലേഖ ശുശ്രൂഷ ചെയ്യുന്ന, നടന്ന് ശുശ്രൂഷ ചെയ്യുന്ന അനേകരുണ്ട്. അവർക്ക് ഒരു സൈക്കിൾ വാങ്ങി കൊടുക്കാം, അല്ലെങ്കിൽ ഭക്ഷണം നൽകിയും, വസ്ത്രങ്ങൾ വാങ്ങി കൊടുത്തും ശുശ്രൂഷയിൽ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യാം. നിങ്ങളെ വചനം പഠിപ്പിക്കുന്ന ശുശ്രൂഷകർക്ക് ഓഹരി കൊടുക്കണം. സാരെഫാത്തിലെ വിധവയെപ്പോലെ ദൈവദാസന്മാരോട് പെരുമാറുക, കർത്താവ് നിങ്ങളെ അളവുകൂടാതെ അനുഗ്രഹിക്കുമാറാകട്ടെ. "എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (മത്തായി 25:40).

**പ്രിയപ്പെട്ട യൗവനക്കാരെ വായ്പ വാങ്ങരുത്! നിങ്ങളുടെ കൈയിൽ നിന്ന് നിങ്ങളുടെ സഭയ്ക്കോ, നിങ്ങളുടെ കൂടെ പഠിക്കുന്ന സഹ വിദ്യാർത്ഥികളുടെ പഠനത്തിനോ, തൊഴിലാളികളെയോ, നിങ്ങൾക്കറിയാവുന്ന മിഷനറിമാരെയോ, പാവപ്പെട്ടവരും എളിയവരുമായ വ്യക്തികളെയോ സഹായിക്കുവാൻ ക്രിസ്തു ജനിച്ച ഈ മാസത്തിൽ നന്മ ചെയ്യാനും യേശുക്രിസ്തുവിന്റെ അനുഗ്രഹം നേടാനും നിങ്ങളാൽ കഴിയുന്നത് ചെയ്യുക! ആമേൻ!**

## യിസ്ഹാക്ക് - റിബെക്കാ

### അവർ തങ്ങളുടെ മക്കളോട് മുഖപക്ഷം കാട്ടിയിരുന്നു



റിബെക്കാ തന്റെ മകൻ യാക്കോബിനെ വളരെയധികം സ്നേഹിച്ചിരുന്നു. യിസ്ഹാക് തന്റെ മൂത്ത മകനായ ഏശാവിനെ സ്നേഹിച്ചു. അവനെ അനുഗ്രഹിക്കുവാൻ ആഗ്രഹിച്ചു. റിബെക്കാ യാക്കോബിനെ കൂടുതൽ സ്നേഹിച്ചു. യാക്കോബിന് എല്ലാ അനുഗ്രഹങ്ങളും ലഭിക്കാൻ അവൾ മൂത്ത മകനായ ഏശാവിനെ വഞ്ചിച്ചു. ഇതറിഞ്ഞ ഏശാവ് തന്റെ അമ്മയും സഹോദരനും തന്നെ ചതിച്ചതിനാൽ സഹോദരനെ കൊല്ലാൻ തീരുമാനിച്ചു. അങ്ങനെ റിബെക്കാ യാക്കോബിനെ ഹാരാനിലുള്ള തന്റെ സഹോദരനായ ലാബാന്റെ അടുക്കലേക്ക് അയക്കുന്നു. ഏശാവും വീട് വിട്ടു. യാക്കോബ് തന്റെ അമ്മയെ വീണ്ടും കണ്ടതായി വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

രണ്ട് കുട്ടികളും മാതാപിതാക്കളുടെ അടുത്തില്ല. പക്ഷപാതം നിമിത്തം യിസ്ഹാക്കും റിബെക്കായും മക്കളെ വേർപെടുത്തേണ്ട അവസ്ഥയിലായി (ഉൽപത്തി 27-ാം അദ്ധ്യായം).

പ്രിയ യൗവനക്കാരെ! നുണയും വഞ്ചനയും നിമിത്തം റിബെക്കായ്ക്ക് എന്ത് പ്രയോജനം ലഭിച്ചു? മക്കൾ തമ്മിലുള്ള ഭിന്നത നിമിത്തം കുടുംബം ശിഥിലമായി. അവൾ വിതച്ച പക്ഷപാതമെന്ന വിത്ത് ഒരു വൃക്ഷമായി വളർന്നു. ശത്രുതയുടെ ഫലം പുറപ്പെടുവിച്ചു. നിങ്ങൾ ഇന്ന് മുഖപക്ഷമുള്ളവരാണോ?

## മുന്തിരിത്തോട്ടത്തിന്റെ യജമാനൻ

### അവൻ തന്റെ ദാസന്മാരോട് പക്ഷപാതം കാണിച്ചില്ല



അവൻ തന്റെ ദാസന്മാരോട് പക്ഷപാതം കാണിച്ചില്ല

വീടിന്റെ യജമാനൻ അതിരാവിലെ പുറപ്പെട്ട് ഒരു വെള്ളിക്കാശ് വീതം ദിവസക്കൂലിക്ക് തന്റെ മുന്തിരിത്തോട്ടത്തിലേക്ക് വേലക്കാരെ അയച്ചു. മൂന്നാം മണിനേരത്തും ആറാം മണിനേരത്തും ഒമ്പതാം മണിനേരത്തും പതിനൊന്നാം മണിനേരത്തും തങ്ങൾക്ക് ജോലിയില്ല എന്ന് പറഞ്ഞ് നിന്നവരെയെല്ലാം ന്യായമായ കൂലിക്ക് നിയമിച്ചു. ജോലി കഴിഞ്ഞപ്പോൾ എല്ലാവർക്കും തുല്യ വേതനം നൽകി. അത് കണ്ട് പുലർച്ച മുതൽ പണിയെടുക്കുന്നവർ അതൃപ്തരായി പിറുപിറുത്തു. അപ്പോൾ വീട്ടുടയവൻ "സ്നേഹിതാ, ഞാൻ നിന്നോടു അന്യായം ചെയ്യുന്നില്ല; നീ എന്നോട് ഒരു പണം പറഞ്ഞൊത്തില്ലയോ? നിന്റേതു വാങ്ങി പൊയ്ക്കൊൾക; നിനക്കു തന്നതുപോലെ ഈ പിമ്പനും കൊടുപ്പാൻ എനിക്കു മനസ്സ്. ഇങ്ങനെ പിമ്പന്മാർ മുമ്പന്മാരും മുമ്പന്മാർ പിമ്പന്മാരും ആകും" (മത്തായി 20:1-16). അവൻ എല്ലാവർക്കും തുല്യമായ കൂലി നൽകി പറഞ്ഞയച്ചു.

പ്രിയ യൗവനക്കാരെ! മുഖപക്ഷമില്ലാതെ എല്ലാവരേയും ഒരുപോലെ കണ്ടതിനാൽ വീട്ടുടമസ്ഥൻ ഒരേ കൂലി നൽകി. ഇന്ന് നിങ്ങളും നീതിയോടെയും നിഷ്പക്ഷമായും പെരുമാറുമോ?



## യാക്കോബ് തന്റെ ഭാര്യമാരോട് പക്ഷപാതം കാണിച്ചിരുന്നു

യാക്കോബ് തന്റെ സഹോദരൻ ഏശാവിനെ ഭയന്ന് അമ്മയുടെ സഹോദരനായ ലാബാന്റെ വീട്ടിൽ ഓടിപ്പോയി. അവിടെ അവൻ ആടുകളെ മേയ്ക്കുകയും അവരോടൊപ്പം താമസിക്കുകയും ചെയ്തു. താൻ ചെയ്യുന്ന ജോലിക്ക് എന്ത് പ്രതിഫലം വേണമെന്ന് ലാബാൻ യാക്കോബിനോട് ചോദിച്ചപ്പോൾ, യാക്കോബ് ലാബാന്റെ ഇളയ മകളായ റാഹേലിനെ സ്നേഹിച്ചതു കൊണ്ട് അവളെ വിവാഹം കഴിക്കാൻ ചോദിച്ചു. അവൾക്കായി 7 വർഷം ആടുകളെ മേയ്ക്കാനും അവൻ സമ്മതിച്ചു. 7 വർഷത്തിനുശേഷം ലാബാൻ യാക്കോബിനെ കബളിപ്പിച്ച് തന്റെ മൂത്ത മകൾ ലേയുമായുള്ള വിവാഹം നടത്തി. യാക്കോബ് ഇതറിഞ്ഞ് കോപിച്ചപ്പോൾ ലാബാൻ റാഹേലിനെ ഭാര്യയായി കൊടുക്കുവാനും സമ്മതിച്ചു.

ലേയാ നാണിച്ചു. റാഹേൽ കാഴ്ചയിൽ സുന്ദരിയായിരുന്നു. അങ്ങനെ അവൻ വീണ്ടും 7 വർഷം റാഹേലിനായി ജോലി ചെയ്തു. യാക്കോബ് റാഹേലിനെ ലേയയെക്കാൾ അധികം സ്നേഹിച്ചു. കാരണം അവൾ സുന്ദരിയായിരുന്നു. യാക്കോബ് ലേയായോട് മുഖപക്ഷം കാണിച്ചിരുന്നു. അവൻ ലേയയോട് പക്ഷപാതപരമായി പെരുമാറുകയും അവളെ ഗർഭിണിയാക്കുകയും ചെയ്തുവെന്ന് കർത്താവ് കണ്ടു. റാഹേൽ മച്ചിയായിരുന്നു (ഉൽപത്തി 29:13-31).

പ്രിയ യൗവനക്കാരെ! നിങ്ങൾ ഇന്ന് ലേയയെപ്പോലെ ഞെരുക്കത്തിന്റെ മദ്ധ്യത്തിലാണോ? തളർന്നുപോകരുത്! കർത്താവിന്റെ സന്നിധിയിൽ ക്ഷമയോടെ കാത്തിരിക്കുക. കർത്താവ് മുഖപക്ഷമുള്ളവനല്ല.

## യോസേഫ് തന്റെ സഹോദരനോട് പക്ഷപാതമുള്ളവനായിരുന്നു



യോസേഫ് തന്റെ സഹോദരനോട് പക്ഷപാതമുള്ളവനായിരുന്നു ഏഴുവർഷത്തെ കടുത്ത ക്ഷാമം ഈജിപ്തിനെ ബാധിച്ചപ്പോൾ, യോസേഫിന്റെ പദ്ധതിപ്രകാരം കളപ്പുരകൾ നിറഞ്ഞു. ഖജനാവും നിറഞ്ഞുകവിഞ്ഞു. കനാൻ ദേശത്ത് ഒരു ക്ഷാമം ഉണ്ടായപ്പോൾ യോസേഫിന്റെ പിതാവും 11 സഹോദരന്മാരും ഭക്ഷണത്തിനായി ഈജിപ്തിലെത്തി. അടിമയായി വിറ്റുപോയ തങ്ങളുടെ സഹോദരൻ യോസേഫ് രാജ്യത്തിന്റെ അധിപതിയാണെന്ന് അറിയാതെ അവർ അവന്റെ മുമ്പിൽ കുമ്പിട്ട് ധാന്യം വാങ്ങി. യോസേഫ് തന്റെ സഹോദരന്മാരെക്കുറിച്ച് അറിഞ്ഞപ്പോൾ, അവൻ തന്റെ സഹോദരനായ ശിമെയോനെ തടവിലാക്കി, " നിങ്ങളുടെ ഇളയസഹോദരനെ എന്റെ അടുക്കൽ കൊണ്ടുവരുവിൻ; അതിനാൽ നിങ്ങൾ ഒറ്റുകാരല്ല, പരമാർഥികൾതന്നെ എന്നു ഞാൻ അറിയും;" എന്ന് പറഞ്ഞു. ശിമയോനെ രക്ഷിക്കാനും ധാന്യം തിരികെ കൊണ്ടുവരാനും സഹോദരൻ ബെന്യാമീനെ കൊണ്ടുവന്നപ്പോൾ അവന്റെ ഹൃദയം വാത്സല്യത്താൽ നിറഞ്ഞു. യോസേഫിന്റെ മേശയിൽ നിന്ന് ഭക്ഷണം വിതരണം ചെയ്തതിൽ എല്ലാവരുടെയും വിഹിതത്തെക്കാൾ ബെന്യാമീന്റെ പങ്ക് അഞ്ചിരട്ടിയായിരുന്നു. യോസേഫ് തന്റെ മറ്റു സഹോദരന്മാരേക്കാൾ ബെന്യാമീനെ സ്നേഹിച്ചതിനാൽ, അവൻ അവന് ഒരു വലിയ ഓഹരി നൽകി (ഉല്പത്തി: 43,44).

പ്രിയ യുവജനങ്ങളെ! യോസേഫ് തന്റെ അമ്മയുടെ മകനായ തന്റെ സഹോദരനോട് പക്ഷപാതം കാണിച്ച് അവന് ധാരാളം ധാന്യവും ഭക്ഷണവും കൊടുത്തു. നിങ്ങൾ യോസേഫിനെപ്പോലെ പക്ഷപാതമുള്ളവരാണോ?

# പ്രാർത്ഥനാ ഡയറി
## ഡിസംബർ 2023

## ഇസ്രായേൽ രാഷ്ട്രം

ഗാസയിൽ നിന്നുള്ള ഹമാസ് ഭീകര സംഘടന 5000 മിസൈലുകൾ അയച്ചാണ് ഇസ്രായേലിനെ യെരുശലേമിൽ ആക്രമണം നടത്തിയത്.

ഈ ആക്രമണത്തിൽ ഇതുവരെ 1700 പേർ മരിച്ചു. ഗാസയിൽ പരിക്കേറ്റ 7,900 ത്തോളം പേർക്ക് ഇസ്രായേൽ ആക്രമണത്തെത്തുടർന്ന് ചികിത്സ ലഭിച്ചില്ല.

ഗാസയിൽ 34 ആശുപത്രികൾ ആക്രമിക്കപ്പെടുകയും 11 ആരോഗ്യ പ്രവർത്തകർ കൊല്ലപ്പെടുകയും ചെയ്തു. ഇതുവരെ 3.38 ലക്ഷം പേരെ ഗാസയിൽ നിന്ന് ഒഴിപ്പിച്ചു. നാഷണൽ ഫുഡ് ഇൻസ്റ്റിറ്റ്യൂട്ട് പ്രകാരം ഗാസയിൽ താമസിക്കുന്ന 50,000 ഗർഭിണികൾക്ക് കുടിവെള്ളമില്ല.

ഭീകരർക്കെതിരെ ഇസ്രായേൽ നടത്തിയ ആക്രമണത്തിൽ 2500 - ലധികം ഭീകരർ കൊല്ലപ്പെട്ടു.

### പ്രാർത്ഥനാ വിഷയങ്ങൾ

1. ഇസ്രായേൽ ദേശത്തിന്റെ സംരക്ഷണത്തിനും യെരുശലേമിന്റെയും ഇസ്രായേലിന്റെയും സമാധാനത്തിനും വേണ്ടി പ്രാർത്ഥിക്കുക. ആക്രമണത്തിൽ മരിച്ച 1700 ഓളം പേരുടെ കുടുംബങ്ങൾക്ക് ആശ്വാസത്തിനും പരിക്കേറ്റവർ വേഗത്തിൽ സുഖം പ്രാപിക്കുന്നതിനും വേണ്ടി പ്രാർത്ഥിക്കുക.

2. ഗാസയിൽ നിന്ന് ഒഴിപ്പിച്ചവരെ സുരക്ഷിത സ്ഥലങ്ങളിൽ പാർപ്പിക്കാനും, ശരിയായ ഭക്ഷണം നൽകാനും പ്രാർത്ഥിക്കുക.

3. ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും പ്രവർത്തിക്കുന്ന തീവ്രവാദികൾ മാനസാന്തരപ്പെടാനും യേശുവിനെ സ്വീകരിക്കുവാനും പ്രാർത്ഥിക്കുക.

4. ഇസ്രായേൽ ജനത യേശുവിനെ തങ്ങളുടെ രക്ഷകനായി സ്വീകരിക്കാൻ പ്രാർത്ഥിക്കുക.






## കൊലപാതകങ്ങൾ

ഒരു അമേരിക്കൻ ഗവേഷണ സംഘടനയുടെ റിപ്പോർട്ട് പ്രകാരം ഏറ്റവും കൂടുതൽ കൊലപാതങ്ങൾ നടക്കുന്ന രാജ്യങ്ങളിൽ എട്ടാം സ്ഥാനത്താണ് ഇന്ത്യ.

മുൻവർഷത്തെ രണ്ടാം സ്ഥാനത്തെക്കാൾ റാങ്കിംഗിൽ ഇന്ത്യ ഇടിവ് രേഖപ്പെടുത്തി. നാഷണൽ ക്രൈം ആർക്കൈവ്സിന്റെ കണക്കനുസരിച്ച് ഇന്ത്യയിൽ പ്രതിദിനം 82 പേർ കൊല്ലപ്പെടുകയും 11 തട്ടിക്കൊണ്ടുപോകൽ കേസുകൾ നടക്കുകയും ചെയ്തു.

റിപ്പോർട്ട് പ്രകാരം ഏറ്റവും കൂടുതൽ കൊലപാതകങ്ങൾ ഇന്ത്യയിലെ ജാർഖണ്ഡ് സംസ്ഥാനത്തും ഏറ്റവും കൂടുതൽ തട്ടിക്കൊണ്ടുപോകുന്നത് ഡൽഹിയിലുമാണ്.

ശത്രുത, നേട്ടം, തർക്കം തുടങ്ങിയവ നിമിത്തമാണ് മിക്ക കൊലപാതകങ്ങളും നടക്കുന്നത്.

### പ്രാർത്ഥനാ വിഷയങ്ങൾ

1. ഇന്ത്യയിലെ കൂട്ടക്കൊലകൾക്ക് അറുതി വരുവാനും രാജ്യത്തിൽ സമാധാനം ഉണ്ടാകാനും പ്രാർത്ഥിക്കുക.

2. പ്രതിദിനം 82 പേർ കൊലപാതകത്തിൽ മരിക്കുന്നു. രക്തച്ചൊരിച്ചിൽ നമ്മുടെ നാട്ടിൽ നിന്ന് തുടച്ചുനീക്കപ്പെടാനായി പ്രാർത്ഥിക്കുക.

3. പരസ്പരം ക്ഷമിക്കാനും കയ്പ്പ് മറന്ന് സമാധാനത്തിലും സന്തോഷത്തിലും ജീവിക്കാനുള്ള ഹൃദയം നൽകാൻ കർത്താവിനോട് പ്രാർത്ഥിക്കുക.

4. കൊലചെയ്യണം എന്ന ചിന്തയോടെ ഇരിക്കുന്നവരുടെ ഹൃദയത്തിൽ നിന്ന് ആ ചിന്ത മാറാനായി പ്രാർത്ഥിക്കുക.

5. കൊലപാതകത്തിന് പ്രേരിപ്പിക്കുന്ന ദുരാത്മാക്കൾ ബന്ധിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.



# മണിപ്പൂർ

രണ്ട് വംശീയ വിഭാഗങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലിൽ രണ്ട് ആദിവാസി സ്ത്രീകളെ നഗ്നരാക്കി ലൈംഗികമായി പീഡിപ്പിക്കുകയും അത് കലാപമായി മാറുകയും ചെയ്തു.

പലരും അഭയാർത്ഥികളായി അയൽ സംസ്ഥാനങ്ങളിൽ അഭയം പ്രാപിച്ചിരിക്കുന്നു.

മണിപ്പൂരിലെ അക്രമണത്തിന് അൽപ്പം ശമനമുണ്ടായെങ്കിലും സെപ്തംബറിൽ ഗാംഗുയി മേഖലയിലെ 2 ഗ്രാമങ്ങൾക്കിടയിൽ വീണ്ടും അക്രമം പൊട്ടിപ്പുറപ്പെടുകയും 3 പേർ വെടിയേറ്റ് മരിക്കുകയും ചെയ്തു.

തുടർച്ചയായി അക്രമം പൊട്ടിപ്പുറപ്പെടുന്നത് ജനങ്ങളിൽ ഭീതി സൃഷ്ടിക്കുന്നു.

### പ്രാർത്ഥനാ വിഷയങ്ങൾ

1. അക്രമത്തിൽ വീട് നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിയാൻ നിർബന്ധിതരായ 50,000- ത്തിലധികം ആളുകളുടെ സംരക്ഷണത്തിനായി പ്രാർത്ഥിക്കുക.

2. മണിപ്പൂരിൽ അനുദിനം വർദ്ധിക്കുന്ന കലാപം അവസാനിപ്പിക്കാൻ പ്രാർത്ഥിക്കുക.

3.2 വംശജർക്കും സമാധാനവും ഏകമനസ്സും ഉണ്ടാകുവാനായി പ്രാർത്ഥിക്കുക.

4. സ്ത്രീകളുടെയും ഗർഭിണികളുടെയും സംരക്ഷണത്തിനും ലൈംഗികാതിക്രമങ്ങൾ അവസാനിപ്പിക്കുന്നതിനും വേണ്ടി പ്രാർത്ഥിക്കുക.

5. ഇന്ത്യൻ ഗവൺമെന്റ് ഉചിതമായ നടപടി കൈക്കൊള്ളാനും മണിപ്പൂർ സംസ്ഥാനത്ത് സമാധാനപരമായ ഒരു സാഹചര്യം കൊണ്ടുവരാനും പ്രാർത്ഥിക്കുക.

# പോൺ സൈറ്റുകൾ

ഇന്ത്യയിൽ ചെറുപ്പത്തിൽ തന്നെ യുവാക്കൾ അശ്ലീല സിനിമകൾ കാണുന്നതായി റിപ്പോർട്ടുകളുണ്ട്. പ്രത്യേകിച്ച് 13 വയസ്സ് മുതൽ ഇത് ആരംഭിക്കുന്നു. ആ സൈറ്റുകൾ കാണുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

യൗവനക്കാർ അശ്ലീല സിനിമകൾ അധികമായി കാണുന്നതുകൊണ്ട് ഡോപോമിൻ ഉൽപ്പാദനം വർദ്ധിക്കുകയും മസ്തിഷ്കത്തിന്റെ പ്രവർത്തന വൈകല്യത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. പോണോഗ്രഫി വിഷാദം പോലുള്ള മാനസികരോഗങ്ങളിലേക്ക് നയിക്കുവാൻ ഇടയാകുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

ധാരാളം അശ്ലീലചിത്രങ്ങൾ കാണുന്ന ഒരാൾക്ക് എതിർലിംഗത്തിൽപ്പെട്ട ഒരു സുഹൃത്ത് ഉണ്ടായിരിക്കുന്നത് അവരുടെ ദീർഘകാല ബന്ധങ്ങളെ തടസ്സപ്പെടുത്തുകയും ശാരീരിക അടുപ്പവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലേക്ക് നയിക്കുകയും ചെയ്യുന്നു.

ഇന്നത്തെ കാലത്തിൽ യൗവനക്കാർ, ആൺകുട്ടികൾ, പുരുഷന്മാർ, സ്ത്രീകൾ, വിവാഹിതർ, രക്ഷിക്കപ്പെട്ടവർ, രക്ഷിക്കപ്പെടാത്തവർ, ശുശ്രൂഷകർ, വിശ്വാസികൾ, ഉന്നതർ എന്നിങ്ങനെ വിവേചനമില്ലാതെ പാപത്തിന് അടിമപ്പെട്ടിരിക്കുന്നു.

### പ്രാർത്ഥനാ വിഷയങ്ങൾ

1. നമ്മുടെ ഇന്ത്യയിലെ യുവതലമുറയെ ദുഷിപ്പിക്കുന്ന പോൺ വെബ്സൈറ്റുകളുടെ പൂർണ്ണമായ നിരോധനത്തിനായി പ്രാർത്ഥിക്കുക.

2. ചെറുപ്രായത്തിൽ തന്നെ അശ്ലീലം കാണുന്നതിന്റെ പേരിൽ കാമവികാരത്താൽ നിറയുകയും പലതരത്തിലുള്ള ലൈംഗികാതിക്രമങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന യുവതലമുറയ്ക്കുവേണ്ടി വളരെ ഭാരത്തോടെ പ്രാർത്ഥിക്കുക.

3. ചെറുപ്രായത്തിൽ തന്നെ മക്കൾ തെറ്റായ പാതയിലേക്ക് പോകാതിരിക്കാൻ മാതാപിതാക്കൾ തങ്ങളുടെ മക്കളെ വളരെ ശ്രദ്ധയോടെ സ്നേഹിക്കാനും നല്ല ഉപദേശങ്ങൾ നൽകാനും ശക്തമായി പ്രാർത്ഥിക്കുക.

4. പോണോഗ്രഫി കണ്ട് വിഷാദരോഗം പോലുള്ള മാനസികരോഗങ്ങൾ അനുഭവിക്കുന്നവർ സൗഖ്യം പ്രാപിക്കാൻ പ്രാർത്ഥിക്കുക.

5. അതിൽ അടിമപ്പെട്ടവർ ഇത് പാപമാണെന്ന് മനസ്സിലാക്കി അതിൽ നിന്ന് വിടുതൽ പ്രാപിക്കുവാൻ പ്രാർത്ഥിക്കുക.



# COFFEE with ലേഖകൻ

## സുവിശേഷം പ്രസംഗിച്ച നാല് കുഷ്ഠരോഗികൾ

അരാം രാജാവായ ബെൻഹദദ് തന്റെ സൈന്യത്തെയൊക്കെയും കൂട്ടി ശമര്യയെ വളഞ്ഞപ്പോൾ ശമര്യയിൽ മഹാക്ഷാമം ഉണ്ടായി. ജനങ്ങൾ കടുത്ത പട്ടിണിയും ദാരിദ്ര്യവും അനുഭവിച്ചു. വിശപ്പ് നിമിത്തം ജനിപ്പിച്ച കുഞ്ഞുങ്ങളെ ഞങ്ങൾ ഭക്ഷിച്ചു എന്ന് അമ്മമാർ നിഷ്കരുണം പറയത്തക്കവിധം പട്ടണിയുടെ ഭീകരത പടർന്നു. ഈ സാഹചര്യത്തിൽ വിശുദ്ധ വേദപുസ്തകത്തിൽ പേര് രേഖപ്പെടുത്തിയിട്ടില്ലാത്ത നാല് കുഷ്ഠരോഗികൾ ശമര്യയുടെ വാതിൽക്കൽ ഉണ്ടായിരുന്നു. അവരുടെ ധീരതയോടെയുള്ള പ്രവർത്തികൾ നിമിത്തം ശമര്യ മുഴുവനും പട്ടിണിയുടെ പിടിയിൽ നിന്നും വിടുവിക്കപ്പെട്ടു. ഈ സംഭവം 2 രാജാ. 7ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അവരുമായുള്ള കൂടിക്കാഴ്ചയിൽ നടന്ന സംഭാഷണത്തിന്റെ ഒരു സാങ്കൽപ്പിക സമാഹാരമാണ് ചുവടെ നൽകിയിരിക്കുന്നത്.

**ലേഖകൻ:** സഹോദരന്മാരെ നമസ്കാരം .

**കുഷ്ഠരോഗികൾ:** നമസ്കാരം.

**ലേഖകൻ:** നിങ്ങളെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ഞങ്ങളോട് പറയാമോ?

**കുഷ്ഠരോഗി 1:** ഞങ്ങൾ ഇസ്രായേൽ ദേശത്തിലെ ശമര്യയിൽ നിന്നുള്ളവരാണ്. ഞങ്ങൾ കുഷ്ഠരോഗം ബാധിച്ച് ആളുകൾക്കിടയിൽ ജീവിക്കാൻ കഴിയാതെ പട്ടണത്തിന്റെ പുറത്ത് താമസിച്ചിരുന്നു.

**കുഷ്ഠരോഗി 2:** ഞങ്ങൾ അശുദ്ധരാണ്. ഞങ്ങൾ കുടുംബത്തോടും കുട്ടികളോടും താമസിച്ചാൽ മറ്റുള്ളവർക്കും കുഷ്ഠരോഗം വരുമെന്നതിനാൽ രോഗം കണ്ടയുടനെ അവർ ഞങ്ങളെ ദേശത്തിന് പുറത്താക്കി.

**കുഷ്ഠരോഗി 3:** ഞങ്ങളുടെ കുടുംബാംഗങ്ങളോ സുഹൃത്തുക്കളോ ഞങ്ങൾക്ക് ഭക്ഷണം കൊണ്ടുവന്ന് ദൂരെ വയ്ക്കും. അവർ പോയിക്കഴിഞ്ഞാൽ ഞങ്ങൾ പോയി ഭക്ഷണം കഴിക്കും.

**കുഷ്ഠരോഗി 4:** ഒരു വിവാഹത്തിനോ ഉത്സവത്തിനോ ഞങ്ങൾക്ക് പങ്കെടുക്കാൻ പാടില്ല. സമൂഹത്തിനോ കുടുംബത്തിനോ ഞങ്ങളെക്കൊണ്ട് യാതൊരു പ്രയോജനവുമില്ല. എന്തിന്, നാം സ്വയം ഉപയോഗശൂന്യരാണ്.

**ലേഖകൻ:** ക്ഷാമകാലത്ത് നിങ്ങളും നിങ്ങളുടെ ജനങ്ങളും എങ്ങനെയാണ് ജീവിച്ചത്?


**കുഷ്ഠരോഗി 2:** ക്ഷാമം വളരെ കഠിനമായിരുന്നു. സാധാരണയായി ആളുകൾ ഭക്ഷണം കഴിച്ചതിനുശേഷം ഞങ്ങൾക്ക് ഒരു പങ്ക് കൊണ്ടുവരുമായിരുന്നു. പക്ഷേ, അവരല്ലാതെ ഞങ്ങൾക്ക് ഭക്ഷണം നൽകാൻ മറ്റാരുമില്ല. കിട്ടിയ ഭക്ഷണം അവർ രഹസ്യമായി കഴിച്ചു.

**കുഷ്ഠരോഗി 1:** സമ്പന്നരും ആരോഗ്യമുള്ളവർ പോലും ഇല്ലായ്മ നിമിത്തം തങ്ങളുടെ മക്കളുടെ

മാംസം ഭക്ഷിക്കത്തക്കവിധം അവർ സ്വാർത്ഥരായിത്തീർന്നു. ശേഷിച്ചിരിക്കുന്ന തങ്ങളുടെ ആളുകളിൽ ഒരാൾക്ക് വേണ്ടിയോ, അവരുടെ സഹോദരന്മാർക്കും ഭാര്യമാർക്കും വേണ്ടിയോ,കുഞ്ഞുങ്ങൾക്കു വേണ്ടിയോ ഒന്നും മാറ്റിവയ്ക്കുമായിരുന്നില്ല.

**ലേഖകൻ:** വിഷാദവും, ശാരീരിക ക്ഷീണവും, ദിവസങ്ങളോളം ഭക്ഷണം കഴിക്കാതെ ബലഹീനതയോടും ഇരുന്ന ഈ വിഷമകരമായ സാഹചര്യത്തിൽ അരാം പാളയിത്തിലേക്ക് പോകാൻ നിങ്ങൾ എങ്ങനെയാണ് തീരുമാനിച്ചത്?

**കുഷ്ഠരോഗി 1 :** വിശപ്പിന്റെ കാഠിന്യം നിമിത്തം ഭക്ഷണം അന്വേഷിച്ച് എവിടെ പോകണമെന്ന് ഞങ്ങൾ ചിന്തിച്ചു. പട്ടണത്തിനുള്ളിൽ ഭക്ഷണമില്ലാത്തതിനാൽ അവിടെ പോയിട്ട് കാര്യമില്ല. എവിടെ പോയാലും, ഭക്ഷണമുള്ള അരാം പാളയത്തിലാണെങ്കിലും, നമ്മുടെ സ്ഥലത്താണെങ്കിലും പട്ടിണി കിടന്ന് മരിക്കും. അവർ നമ്മെ ജീവനോടെ വച്ചാൽ നാം ജീവിച്ചിരിക്കും; കൊന്നാൽ നാം മരിക്കും എന്ന ധീരതയോടെയാണ് അന്ന് രാത്രി ഞങ്ങൾ അരാം പാളയിത്തിലേക്ക് പോയത്.



**ലേഖകൻ:** അരാമ്യ പാളയത്തിൽ പോയപ്പോൾ എന്താണ് സംഭവിച്ചത്?

**കുഷ്ഠരോഗി 3:** ഞങ്ങൾ ഭയത്തോടെ ഒരു കൂടാരത്തിൽ കയറി, അത്ഭുതമെന്നു പറയട്ടെ, അകത്ത് ആരും ഉണ്ടായിരുന്നില്ല. മറ്റ് കൂടാരങ്ങളിലൊന്നിലും ആരുമില്ലായിരുന്നു. ഞങ്ങളുടെ സന്തോഷവും ആശ്ചര്യവും പരിധിക്കപ്പുറമായിരുന്നു.

**കുഷ്ഠരോഗി 4:** കർത്താവ് അരാം സൈന്യത്തെ രഥങ്ങളുടെയും കുതിരകളുടെയും മഹാസൈന്യത്തിന്റെയും ആരവം കേൾപ്പിച്ചപ്പോൾ അവർ തമ്മിൽ തമ്മിൽ: നമ്മുടെ നേരെ വരേണ്ടതിനു യിസ്രായേൽരാജാവ് ഹിത്യ രാജാക്കന്മാരെയും മിസ്രയീം രാജാക്കന്മാരെയും നമുക്ക് വിരോധമായി കൂലിക്കു വാങ്ങിയിരിക്കുന്നു എന്ന് പറഞ്ഞ് ഭയന്ന് അവർ തങ്ങളുടെ കൂടാരങ്ങളെയും കുതിരകളെയും കഴുതകളെയും പാളയത്തിൽ ഉപേക്ഷിച്ച് പ്രാണരക്ഷാർത്ഥം ഓടിപ്പോയി.

**കുഷ്ഠരോഗി 2:** നമ്മുടെ കണ്ണുകൾക്ക് വിശ്വസിക്കാൻ കഴിയാത്തവിധം അവരുടെ കൂടാരങ്ങളിൽ ധാരാളം ഭക്ഷണം ഉണ്ടായിരുന്നു. ഞങ്ങൾ വളരെ സന്തോഷത്തോടെ തിന്നുകയും കുടിക്കുകയും ചെയ്തു. ധാരാളം വെള്ളിയും സ്വർണ്ണവും വസ്ത്രങ്ങളും അവിടെ ഉണ്ടായിരുന്നു. ഞങ്ങൾ കഴിയുന്നത്രയും ശേഖരിച്ച് സുരക്ഷിതമായ സ്ഥലത്ത് ഒളിപ്പിച്ചു.

**ലേഖകൻ:** പിന്നീട് എന്താണ് സംഭവിച്ചത്?

**കുഷ്ഠരോഗി 2:** ഞങ്ങൾ ചെയ്യുന്നത് ശരിയല്ല എന്ന് പിന്നീടാണ് ഞങ്ങൾ ചിന്തിച്ചത്. ഇന്ന് സദ്വർത്തമാന ദിവസമാണ്. നാം മിണ്ടാതിരുന്നാൽ നേരം പുലരും വരെ നാം താമസിച്ചാൽ നമുക്കു കുറ്റംവരും; അതുകൊണ്ട് നാം ചെന്ന് രാജധാനിയിൽ അറിയിക്കാൻ തീരുമാനിച്ചു. ഞങ്ങൾ അങ്ങനെ ചെയ്തു. ശമര്യയിലെ എല്ലാ ആളുകൾക്കും ഭക്ഷണം കിട്ടി. നേരം പുലർന്നപ്പോൾ വിശപ്പും ദാഹവുമെല്ലാം മാറി, ശമര്യയിൽ മുഴുവനും സന്തോഷം തിരിച്ചെത്തി.

**ലേഖകൻ:** നന്നായി, മറ്റുള്ളവർ നൽകിയ ഭക്ഷണം കഴിച്ച് ജീവിച്ച നിങ്ങൾ, കടുത്ത ക്ഷാമം അനുഭവിച്ച ഒരു പട്ടണത്തിന് മുഴുവനും ഭക്ഷണം ലഭിക്കുവാൻ ഇടയായി. ഉപയോഗശൂന്യമെന്ന് കരുതിയിരുന്ന നിങ്ങളെ ഒരു പട്ടണം മുഴുവനും അനുഗ്രഹിച്ചിരിക്കുന്നു. ശത്രുപാളയത്തിൽ കയറി അവിടെ ഭക്ഷണമുണ്ടെന്നറിഞ്ഞ്, ജീവകാരുണ്യ മനോഭാവത്തോടെ രാത്രിയിൽ തന്നെ സുവാർത്ത അറിയിച്ച നിങ്ങളുടെ അസാധാരണമായ പ്രവൃത്തി ഏറെ പ്രശംസനീയമാണ്. ഇന്നത്തെ യൗവനക്കാരോട് നിങ്ങൾ എന്താണ് പറയാൻ ആഗ്രഹിക്കുന്നത്?

**കുഷ്ഠരോഗികൾ:** പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ! നിങ്ങളുടെ ഉള്ളിലുള്ള കഴിവുകൾ നിങ്ങൾ തിരിച്ചറിയണമെന്നില്ല. ഞാൻ ആർക്കും ഒരു പ്രയോജനവുമില്ലെന്ന് ചിന്തിക്കാം. ബലവാനെ ലജ്ജിപ്പിക്കുവാൻ ബലഹീനനെ തിരഞ്ഞെടുക്കുന്ന ദൈവം, ജ്ഞാനികളെ ലജ്ജിപ്പിക്കാൻ ഭോഷത്വമായതിനെ തിരഞ്ഞെടുത്ത ദൈവം ആരെകൊണ്ടും വിചിത്രമായ കാര്യങ്ങൾ ചെയ്യിക്കും. നിങ്ങൾ ചെയ്യേണ്ടത്, സമയമുണ്ടെങ്കിലും ഇല്ലെങ്കിലും ധൈര്യത്തോടെ സുവിശേഷം പ്രസംഗിക്കണം. യേശുവിനെ അറിയാത്തതിനാൽ നിരവധി ആളുകൾ പാപം, ശാപം, കടം, രോഗം, പട്ടിണി എന്നിവയാൽ ദിനംപ്രതി മരിക്കുന്നു. നിങ്ങൾ എല്ലാവരോടും യേശു എന്ന സുവിശേഷം അറിയിച്ചാൽ അവരും സമാധാനവും സന്തോഷവും ഉള്ളവരായി നിത്യജീവന് അവകാശികളായിത്തീരും. നിങ്ങൾ ഇത് ചെയ്യുമോ? ഞങ്ങൾ വിട പറയുന്നു. നന്ദി.

**ലേഖകൻ:** തീർച്ചയായും നമ്മുടെ യൗവനക്കാർ ചെയ്യും. നന്ദി സഹോദരാ!

# ഓട്ടക്കളം

## ഉണർവിനായുള്ള ഓട്ടം



**ഓട്ടക്കളം എന്ന ഈ പരമ്പരയിലൂടെ, മാരത്തൺ ഓട്ടക്കാരുടെ നേട്ടങ്ങളും, അവരുടെ കഠിനാധ്വാനവും സ്ഥിരോത്സാഹവും, വേദപുസ്തകത്തിൽ കർത്താവിനുവേണ്ടി ആത്മാർത്ഥമായി ഓടിയവരെക്കുറിച്ചും ധ്യാനിച്ച് അനേകം കാര്യങ്ങൾ പഠിച്ചു വരുന്നു. ഈ മാസവും ഈ പരമ്പരയിലൂടെ വരുവാനിരിക്കുന്ന ഉണർവിൽ ദൈവത്തിനായി എങ്ങനെ സജീവമായി ഓടാം എന്നതിനെക്കുറിച്ച് നിങ്ങളോട് സംസാരിക്കാൻ കർത്താവ് ആഗ്രഹിക്കുന്നു.**




ജപ്പാനിൽ നിന്നുള്ള യുകി കവാച്ചി ആ രാജ്യത്തെ ഒരു സ്കൂളിൽ അഡ്മിനിസ്ട്രേറ്ററായി ജോലി ചെയ്തു. അതേ സമയം, മാരത്തൺ ഓട്ടത്തിൽ അദ്ദേഹം പാർട്ട് ടൈമായി പങ്കെടുത്തിരുന്നു. ബോസ്റ്റൺ മാരത്തണിൽ പങ്കെടുത്തു. ഓട്ട ദിവസം ശക്തമായ കാറ്റും കൊടും തണുപ്പുമുള്ള മഴയായിരുന്നു. അതുകൂടാതെ മാരത്തൺ ഓട്ടത്തിനായി ജനിച്ച എത്യോപ്യൻ, കെനിയൻ താരങ്ങൾ കഠിനപരിശീലനം നടത്തി മത്സരത്തിനൊരുങ്ങുകയായിരുന്നു. കവാച്ചിയുടെ വിജയസാധ്യത കുറവായിരുന്നു. എന്നാൽ യുകി കവാച്ചി കഠിനമായ സാഹചര്യങ്ങളെയും ശക്തരായ എതിരാളികളെയും മറികടന്ന് ബോസ്റ്റൺ മാരത്തണിൽ ഒന്നാമതെത്തി. പൊതുവെ മാരത്തൺ ആണെങ്കിൽ ക്ഷമയോടെ ഓടി ജയിക്കും. എന്നാൽ തുടക്കം മുതൽ യുകിഅതിവേഗം ഓടി.

ഇദ്ദേഹവും പുറകെ ഓടുന്നവരും തമ്മിൽ ഏകദേശം 300 മീറ്ററോളം അകലമുണ്ടായിരുന്നു. തുടക്കത്തിൽ ഇതിനെ വിമർശിച്ച, കമാന്റർ യുഗിയുടെ വേഗതയും ഓട്ടവും കണ്ട് അത്ഭുതപ്പെടുകയും അദ്ദേഹത്തെ പ്രശംസിക്കുകയും ചെയ്തു. സാഹചര്യത്തിനും ശക്തരായ എതിരാളികൾക്കും മുന്നിൽ തളരാതെ ഒറ്റ ലക്ഷ്യവുമായി ഓടിയതിനാൽ അദ്ദേഹം മികച്ച വിജയം നേടി.

അദ്ദേഹത്തെക്കുറിച്ച് വായിക്കുമ്പോൾ, വചനത്തിൽ ഏലിയാവിന്റെ അഭിഷേകം അന്വേഷിക്കുകയും അദ്ദേഹത്തെ അനുഗമിക്കുകയും ആ അഭിഷേകം ഇരട്ടിയായി സ്വീകരിക്കുകയും ചെയ്ത എലീശായെയാണ് നാം ഓർമ്മിക്കുന്നത്. ആ അഭിഷേകം സ്വീകരിക്കാൻ അവൻ എന്തെല്ലാം വെല്ലുവിളികൾ നേരിട്ടു? അവൻ അത് എങ്ങനെ നടപ്പാക്കി എന്ന് നോക്കാം.

### എലീശയുടെ ത്യാഗം

1 രാജാക്കന്മാർ 19:19-21 - ൽ എലീശയെ പരിചയപ്പെടുത്തുന്നു. തന്റെ പ്രവാചക ശുശ്രൂഷ പൂർത്തീകരിക്കാനുള്ള ദൈവവിളി അവന് ലഭിച്ചു. ആ സമയത്ത്, ആഹാബും ഈസബെലും ഏലിയാ പ്രവാചകനെ കൊല്ലുവാൻ നോക്കുകയായിരുന്നു. തന്റെ വീടും,



കുടുംബവും ഉപേക്ഷിക്കുവാൻ ഏലിയാവ് എലീശയോട് കൽപ്പിച്ചു. മേൽപ്പറഞ്ഞ വചനങ്ങളിൽ എലീശാ ഒരു ധനികനായിരിക്കാം എന്ന് തോന്നുന്നു. അവൻ ദൈവീക ദർശനത്തിന് സ്വയം സമർപ്പിക്കുകയും ഏലിയാവിനെ അനുഗമിക്കുകയും തന്റെ ജീവൻ അപകടപ്പെടുത്തുന്ന പ്രവാചക ശുശ്രൂഷ നിർവഹിക്കാൻ സുഖകരവും ആഡംബരപൂർണ്ണവുമായ ജീവിതം ഉപേക്ഷിച്ച് സ്വയം സമർപ്പിക്കുകയും ചെയ്തു. കർത്താവിനെ അനുഗമിക്കാൻ വീടും കുടുംബവും എല്ലാം നഷ്ടപ്പെടുത്താൻ അവൻ തയ്യാറായി.

### അപൂർവ്വത ചോദിച്ചു

ഏലിയാവിന്റെ കാലത്ത് ധാരാളം പ്രവാചകന്മാർ ഉണ്ടായിരുന്നു. എന്നാൽ എലീശാ ഏലിയാവിനോട് തന്റെ അഭിഷേകത്തിന്റെ ഇരട്ടി പങ്ക് തരാൻ ആവശ്യപ്പെട്ടു. അക്കാലത്തെ പ്രവാചകന്മാർക്കൊന്നും അങ്ങനെ ആഗ്രഹമുണ്ടായിരുന്നില്ല. നമുക്ക് ദൈവത്തിൽ നിന്ന് ഒരു കാര്യം ലഭിക്കണമെങ്കിൽ വാഞ്ചിക്കുകയും ആഗ്രഹിക്കുകയും വേണം. എലീശായുടെ വാഞ്ചയും ആഗ്രഹവും ഏലിയാവിന്റെ അഭിഷേകത്തിലായിരുന്നു. അതിനായി ഏത് അറ്റം വരെയും പോകാൻ അദ്ദേഹം തീരുമാനിച്ചു. അതുകൊണ്ടാണ് 2 രാജാക്കന്മാർ 2 - ൽ ഏലിയാവിന്റെ മേലുള്ള ആത്മാവിന്റെ അഭിഷേകം എലീശായുടെമേൽ ഇരട്ടിയാക്കിയത്. തൽഫലമായി, അദ്ദേഹം ദൈവ ശുശ്രൂഷ വലിയ അത്ഭുതങ്ങളും അടയാളങ്ങളോടും ചെയ്തു.

പ്രിയ യുവജനങ്ങളെ, ഇത് അന്ത്യകാലമാണ്. യേശുവിന്റെ രണ്ടാം വരവിന്റെ എല്ലാ ലക്ഷണങ്ങളും തീവ്രമായി നടക്കുന്നു. ഇവയെല്ലാം കണ്ടിട്ടും ലൗകിക സുഖങ്ങളും വിനോദങ്ങളും തേടിപ്പോയാൽ, കർത്താവ് വരുമ്പോൾ നാം ഒരുക്കമില്ലാത്തവരായി കാണപ്പെടും. അതിനാൽ നാളുകൾ അടുത്തിരിക്കയാൽ സമയം തക്കത്തിൽ ഉപയോഗിക്കുക. നിങ്ങളെ ഉപയോഗപ്പെടുത്താൻ കർത്താവ് ഒരുങ്ങിയിരിക്കുന്നു.

".... ദ്രവ്യം സമ്പാദിപ്പാനും വസ്ത്രം, ഒലിവുതോട്ടം, മുന്തിരിത്തോട്ടം, ആടുമാടുകൾ, ദാസീദാസന്മാർ എന്നീവക മേടിപ്പാനും ഇതാകുന്നുവോ സമയം?" (2 രാജാ.5 26).


## ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!

യേശു വിടുവിക്കുന്നു

ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!

| Trivandrum | Kochi | Kottayam |
|---|---|---|
| TC-14/386, Panchapura Jn., Extra Police Road, Palayam, Trivandrum - 695 033. Kerala State. | Chandrasseri House, Madaplathuroth, Moothakunnam - 683 516, Kochi, Kerala State. | 2nd Floor, Aswathy Tower, Thekkumgopuram - 686 001, Kottayam, Kerala State. |
| Office Time 9:30 A.M. - 5:30 P.M. | Office Time 9:30 A.M. - 5:00 P.M. | Office Time 10:00 A.M. - 6:00 P.M. |
| Ph: 92497 18266, 0471-233 1392. | Mob: 94966 53183 | Mob: 94967 44001, 99463 00001. |

ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.



# ശിംശോൻ

**ഇസ്രായേലിലെ 13- ാമത്തെ ന്യായാധിപതി**
**വായിക്കുവാൻ: ന്യായാധിപന്മാർ 13-16 അദ്ധ്യായങ്ങൾ**

## ആമുഖം

ശിംശോൻ എന്നാൽ സൂര്യന് തുല്യം , ദൃഢ മനസ്സുള്ളവൻ അല്ലെങ്കിൽ ബലശാലി എന്നർത്ഥം.

പഴയനിയമത്തിലെ ഏറ്റവും പ്രശസ്തരായ മനുഷ്യരിൽ ഒരാളായിരുന്നു അവൻ . അവൻ ദാൻ രാജവംശത്തിലെ സോരാഥ്യനായ മാനോഹയുടെ മകനായിരുന്നു. ശിംശോന്റെ ജനനം അവന്റെ മാതാപിതാക്കളോട് അത്ഭുതകരമായരീതിയിൽ അറിയിക്കപ്പെട്ടു. (ന്യായാധി. 13)

## പ്രധാന സവിശേഷതകൾ:

- അവൻ 300 കുറുക്കന്മാരെ പിടിച്ച് വാലോടുവാൽ ചേർത്ത് പന്തം വെച്ചുകെട്ടി, പന്തത്തിനു തീ കൊളുത്തി ഫെലിസ്ത്യരുടെ വിളവിലേക്ക് വിട്ട് മുന്തിരിത്തോട്ടങ്ങളും ഒലിവുതോട്ടങ്ങളും എല്ലാം ചുട്ടുകളഞ്ഞു.
- കഴുതയുടെ പച്ച താടിയെല്ലുകൊണ്ട് 1000 പേരെ കൊന്നു.
- ആട്ടിൻകുട്ടിയെ കീറിക്കളയുന്നതുപോലെ അവൻ കൈകളാൽ സിംഹത്തെ കീറിക്കളഞ്ഞു.
- വേദപുസ്തകത്തിൽ സിംഹത്തെ കൊന്ന ആദ്യത്തെ മനുഷ്യനാണ് ശിംശോൻ.
- ജനനം മുതൽ നാസീരായി ദൈവത്തിന് സമർപ്പിക്കപ്പെട്ടു.
- അവന് അളവറ്റ ശാരീരികബലം ഉണ്ടായിരുന്നു.
- അവൻ അത് ദൈവത്തിനും സ്വന്തം മഹത്വത്തിനും വേണ്ടി ഉപയോഗിച്ചു.
- തന്റെ ജനനത്തിന് മുമ്പ് മാതാപിതാക്കളെ സന്ദർശിച്ച ദൂതന്റെ അറിയിപ്പ് അനുസരിച്ച്, ശിംശോൻ ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റി.
- അവൻ ഇസ്രായേലിനെ ഫെലിസ്ത്യരുടെ കൈയിൽ നിന്നും വിടുവിച്ചു.
- ഫെലിസ്ത്യരുടെ അടിച്ചമർത്തലിൽ നിന്ന് ഇസ്രായേല്യരെ വിടുവിച്ചവരിൽ ഏറ്റവു വലിയവൻ ശിംശോൻ ആയിരുന്നു.
- ഫെലിസ്ത്യരുടെ കാലത്ത് അവൻ ഇസ്രായേലിനെ 20 വർഷം ന്യായപാലനം ചെയ്തു.

## ബലഹീനതകൾ

- ശിംശോൻ പലപ്പോഴും തന്റെ സത്യപ്രതിജ്ഞയും നിയമവും ലംഘിച്ചു.
- അഗ്രചർമ്മിയായ ഫെലിസ്ത്യരുമായുള്ള ബന്ധം നിമിത്തം അവൻ പല പ്രശ്നങ്ങളും നേരിട്ടു.
- അവൻ തന്റെ കഴിവുകൾ വിവേകശൂന്യമായി ഉപയോഗിച്ചു.
- മുന്തിരിയിൽ നിന്ന് വിട്ടുനിൽക്കേണ്ടവൻ മുന്തിരിത്തോട്ടത്തിലേക്ക് പോയി.
- ഒരു വേശ്യയുടെ അടുക്കൽ പോയി.
- അവൻ തന്നെത്തന്നെ അശുദ്ധമാക്കി.
- മൃതശരീരത്തിന്റെ അടുത്തേക്ക് പോകുന്നത് വിലക്കപ്പെട്ടപ്പോൾ, അവൻ ചത്ത സിംഹത്തിന്റെ ശരീരത്തിൽ നിന്ന് തേൻ കൈകൊണ്ട് എടുത്ത് സ്വയം ഭക്ഷിക്കുകയും, മാതാപിതാക്കൾക്ക് നൽകുകയും ചെയ്തു.
- ദെലീലാ എന്ന അന്യ സ്ത്രീയുമായി സൗഹൃദം സ്ഥാപിക്കുകയും തന്റെ ശക്തിയുടെ രഹസ്യം അവളോട് വെളിപ്പെടുത്തുകയും ചെയ്തതിനാൽ, അവന്റെ മുടി വെട്ടപ്പെടുകയും , അവന്റെ ശക്തി അവനെ വിട്ടുപോവുകയും ചെയ്തു.
- അവൻ വിളിക്കപ്പെട്ടതിന്റെ ഉദ്ദേശ്യം മറന്നു, അവൻ ഇന്ദ്രിയപ്രേമിയും ദൈവകൽപ്പനകൾ ലംഘിക്കുന്നവനും ആയിത്തീർന്നു.
- അവൻ മാതാപിതാക്കളുടെ വാക്കുകൾ അവഗണിച്ചു.